# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**എറണാകുളം-682030**

**ഇ-മെയിൽ: doekm.ksad@kerala.gov.in**
**ഫോൺ : 0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-ഇകെഎം(പി11)1138/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/12/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: ഇകെഎം(പി11)1138/25 കെ.എസ്.എ.- തീയ്യതി: 04/12/2025

## എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2025 | 30-09-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2025 | 30-09-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പോളി ടി.ഒ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.മധു വി.വി, ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രസാദ് പി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി സി.എക്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുനിൽ എ വി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.ജെസ്സി.പി.വി | സെക്രട്ടറി | 01-04-2024 | 25-01-2025 |
| ശ്രീമതി രജിത ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-01-2025 | 03-02-2025 |
| ശ്രീ.സുനിൽ.പി.എസ് | സെക്രട്ടറി | 04-02-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽ.പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 03-11-2024 |
| ശ്രീമതി പ്രേമ ബി മേനോൻ പി | അസിസ്റ്റന്റ് സെക്രട്ടറി | 04-11-2024 | 25-01-2025 |
| ശ്രീമതി രജിത ആർ | അസിസ്റ്റന്റ് സെക്രട്ടറി | 26-01-2025 | 31-03-2025 |
| ശ്രീമതി.സീജ കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ ഉണ്ണികൃഷ്ണൻ എം പി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ഫിജി ഫെർഡിനന്റ് ഫ്രാൻസിസ് | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ഡോ.ജോബി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 24-01-2025 |
| ഡോ.ജയശ്രീ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 25-01-2025 | 31-03-2025 |
| ഡോ.പ്രസ്സിൻ ജോർജ്ജ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2024 | 31-03-2025 |
| ശ്രീ.മുഹമ്മദ് സിദ്ദിഖ് പി കെ | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ(കരിയാട്) | 01-04-2024 | 31-03-2025 |
| ശ്രീമതി അഞ്ജന ടി വി | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ(മേക്കാട്) | 01-01-2024 | 31-03-2025 |
| ശ്രീമതി.സൗമ്യ പോൾസൺ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി രമാദേവി എ സി | ഹെഡ്മിസ്ട്രസ് ,എൽ പി സ്കൂൾ ,അകപ്പറമ്പ് | 01-04-2024 | 31-03-2025 |
| ശ്രീമതി ഉമ്മു ഹബീബ കുന്നത് നടുത്തോടി | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2024 | 06-06-2024 |
| ശ്രീമതി.ഫാത്തിമ പി കെ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 07-06-2024 | 31-03-2025 |
| ശ്രീമതി സ്മിത കെ ബി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 31-03-2025 |
| ഡോ റീജ എൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത. | 1-1-2 |
| 4 | സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്. | 1-1-3 |
| 5 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-1-4 |
| 6 | ഹെൽത്ത് ഗ്രാന്റ് തെറ്റായ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തു. | 1-1-5 |
| 7 | സി.എഫ്.സി-ടൈഡ് ഗ്രാന്റ് തെറ്റായ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തു. | 1-1-6 |
| 8 | ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നെഗറ്റീവ് നീക്കിയിരിപ്പ് | 1-1-7 |
| 9 | ജില്ലാ പഞ്ചായത്ത് വിഹിതം- ചെലവ് തുക പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം. | 1-5 |
| 14 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | ഉപയോഗ ക്രമം മാറ്റി വസ്തുനികുതി ഈടാക്കി | 1-10 |
| 19 | വസ്തു നികുതിയിനത്തിലെ കുടിശ്ശിക സംബന്ധിച്ച്- | 1-11 |
| 20 | സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വലിയ നീക്കിരിപ്പുണ്ടായിട്ടും സ്ഥിര നിക്ഷേപമാക്കിയില്ല- പലിശ നഷ്ടം | 1-12 |
| 21 | വാടക അപാകതകൾ - കുടിശ്ശിക ₹7,65,893/- | 1-13 |
| 22 | പരിഷ്കരിച്ച സ്ലാബിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-14 |
| 23 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ അവ്യക്തത | 1-15 |
| 24 | അഡ്വക്കേറ്റ് ഫീസ് നൽകിയത് - തടസ്സപ്പെടുത്തുന്നു - 15,000/- | 1-16 |
| 25 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുകയായ 13,20,235/- രൂപ തടസ്സപ്പെടുത്തുന്നു. | 1-17 |
| 26 | നെടുമ്പാശ്ശേരി മട്ട അരി പദ്ധതി - അപാകതകൾ | 1-18 |
| 27 | റിവോൾവിങ് ഫണ്ട് കൈപ്പറ്റിയ കുടുംബശ്രീ സംഘങ്ങൾ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. പദ്ധതി മുഖേന ചെലവഴിച്ച 200,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-19 |
| 28 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷം തുക അനർഹമായി വിതരണം ചെയ്തു. | 1-20 |
| 29 | ആക്സിഡന്റ് ഇൻഷുറൻസ് പോളിസി പ്രീമിയം - നിർദ്ദേശങ്ങൾ | 1-21 |
| 30 | അഡ്വാൻസ് നൽകിയത് ക്രമീകരിച്ചിട്ടില്ല. | 1-22 |
| 31 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 32 | പേവിഷബാധ നിർമ്മാർജ്ജനം-ചെലവിനങ്ങളിലെ അപാകത | 1-24 |
| 33 | പകർച്ചവ്യാധി നിയന്ത്രണം-പ്രോജക്റ്റ് അപാകതകൾ | 1-25 |
| 34 | ലിഫ്റ്റ് ഇറിഗേഷൻ - അപാകതകൾ | 1-26 |
| 35 | റൂഫിംഗ് സ്ട്രക്ചറൽ വർക്ക് - അധികം നിരക്ക് നൽകുന്നത്. | 1-27 |
| 36 | എർത്ത് വർക്ക് എക്സ്കവേഷൻ - അധിക നിരക്ക് നൽകി. | 1-28 |
| 37 | കാനകളിലേയും തോടുകളിലേയും ചെളിയും മണ്ണും മാറ്റുന്ന പ്രവൃത്തി - അപാകതകൾ | 1-29 |
| 38 | ടാറിംഗ് പ്രവൃത്തി - അപാകത | 1-30 |

| | | |
|---|---|---|
| 39 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-31 |
| 40 | ജൽ ജീവൻ പദ്ധതി - അവലോകനം | 1-32 |
| 41 | ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും | 1-33 |
| **ഭാഗം 2** | | |
| 1 | തൊഴിൽ നികുതി കുറവായി ഈടാക്കി - ₹2700/- വരവ് നഷ്ടം | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പാ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് സർചാർജ് നടപടികൾ | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

**1-1-1 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.**

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

**1-1 ഓഡിറ്റ് സാക്ഷ്യപത്രം**

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **28.07.2025 ലെ 2**-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **30.07.2025** -ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2025 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-25** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : എറണാകുളം**
**തീയതി : 04.12.2025**

**ഡെപ്യൂട്ടി ഡയറക്ടർ**

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase (Decrease) In Cash And Cash

Equivalent” ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹2,91,75,684.00ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity” ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹1,17,38,452.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-3 സംരക്ഷണ ഗ്രാന്റിൽ നിന്നുള്ള മൂലധന ചെലവ്.**

മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ നിന്നും മെയിന്റനൻസ് പ്രവൃത്തികൾക്കാണ് തുക വിനിയോഗിക്കാവുന്നത്. മെയിന്റനൻസിനു വേണ്ടി വരുന്ന ചെലവുകൾ റവന്യൂ ചെലവായാണ് അക്കൗണ്ട് ചെയ്യേണ്ടത് എന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ ഓഡിറ്റ് വർഷം ആകെ ചെലവഴിച്ച ₹54,63,885/- ൽ ₹6,13,394/- യും, ക്യാപിറ്റൽ കോൺട്രിബ്യൂഷനായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഏത് ആസ്തി സൃഷ്ടിക്കുന്നതിനാണ് സംരക്ഷണഗ്രാന്റ് ചെലവഴിച്ചിട്ടുള്ളത് എന്നതിന്റെ ആസ്തി രജിസ്റ്റർ രേഖകൾ ലഭ്യമല്ല.

**1-1-4 ആസ്തി രജിസ്റ്ററിലെ അപാകതകൾ**

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാകുന്നില്ല.

**1-1-5 ഹെൽത്ത് ഗ്രാന്റ് തെറ്റായ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തു.**

ഹെൽത്ത് ഗ്രാന്റ് പ്രോജക്റ്റ് നം 318/25 ലെ സുലേഖ ചെലവുപത്രിക പ്രകാരമുള്ള മുഴുവൻ തുകയും (₹73,835/-) കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ഇക്കാരണത്താൽ സുലേഖ ചെലവുപത്രിക പ്രകാരമുള്ള പ്രോജക്റ്റ് ചെലവും വാർഷിക ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ശീർഷകത്തിലെ (160100770- ₹ 73,455/-)തുകയും തമ്മിൽ ₹380/- യുടെ വ്യത്യാസമുണ്ട്.

**1-1-6 സി.എഫ്.സി-ടൈഡ് ഗ്രാന്റ് തെറ്റായ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തു.**

CFC ഗ്രാന്റ് -ബേസിക് - ACR പ്രകാരം വരവ് ₹37,86,352/-ആണ്. എന്നാൽ RP 30 പ്രകാരം 320200104 ഹെഡിലെ വരവ് ₹64,49,454/- ആണ് CFC ഗ്രാന്റ്-ടൈഡ് ഫണ്ടിനത്തിൽ ലഭിച്ച ₹25,03,500/- തെറ്റായി CFC ഗ്രാന്റ് -ബേസിക് ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാലാണ് വ്യത്യാസം വന്നിട്ടുള്ളത്. ഫണ്ട് വകമാറ്റി ചെലവഴിക്കാതെ ശരിയായ ഹെഡിലേക്ക് മാറ്റിയിടേണ്ടതാണ്.

**1-1-7 ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നെഗറ്റീവ് നീക്കിയിരിപ്പ്.**

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നെഗറ്റീവ് നീക്കിയിരിപ്പുള്ളതായി കാണുന്നു(-) ₹3,78,285/-. ഓഡിറ്റ് എൻക്വയറി (നം. 14/29.09.2025) നൽകിയെങ്കിലും കാരണം വിശദീകരിച്ചില്ല.

**1-1-8 ജില്ലാ പഞ്ചായത്ത് വിഹിതം- ചെലവ് തുക പൊരുത്തപ്പെടുന്നില്ല**

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ചെലവവഴിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ സുലേഖ പത്രികയും, വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സുലേഖ പത്രിക പ്രകാരം ചെലവ് | വാർഷിക കണക്ക് പ്രകാരം ചെലവ് (I-6) | വ്യത്യാസം |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 4271000 | 4242000 | 29000 |

**1-2 ബജറ്റ്**

നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് 12.01.2024 തിയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 06.03.2025 തിയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2024-25 ലെ ബജറ്റ് പ്രകാരവും, പുതുക്കിയ ബജറ്റ് പ്രകാരവുമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| പ്രാരംഭ ബാക്കി ഉൾപ്പെടെ ആകെ വരവ് | 35,85,02,417.50 | 45,44,90,593.50 |
| ആകെ ചെലവ് | 35,11,96,096.00 | 39,49,40,563.25 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹8,95,51,497.50 |
| വരവ് | ₹11,91,16,810.00 |
| ആകെ | ₹20,86,68,307.50 |
| ചെലവ് | ₹8,99,41,126.00 |
| നീക്കിയിരിപ്പ് | ₹11,87,27,181.50 |

വരവ്-ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | വരവ് (അലോട്ട്മെന്റ്) (₹) | ആകെ(₹) | ചെലവ്(₹) | ലാപ്സായ തുക(₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 2,24,72,000 | 2,24,72,000 | 2,19,61,527 | 5,10,473 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 98,02,000 | 98,02,000 | 87,38,228 | 10,63,772 | |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 0 | 3,81,76,000 | 3,81,76,000 | 2,18,98,524 | 1,62,77,476 | |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 68,50,000 | 68,50,000 | 54,63,885 | 13,86,115 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic-Bank | 21,32,174 | 64,49,454 | 85,81,628 | 31,77,255 | 0 | 54,04,373 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Bank | 18,41,255 | 56,79,000 | 75,20,255 | 36,26,436 | 0 | 38,93,819 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied-Treasury | O | 14,82,318 | 14,82,318 | 2,63,045 | 12,19,273 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100198-ശുചിത്വ മിഷൻ ഗ്രാന്റ് | 8,233 | 0 | 8,233 | 0 | 0 | 8,233 |
| കേന്ദ്രാ വിഷ്കൃത ഫണ്ടുകൾ-അങ്കണവാടി പൂരക പോഷകാഹാരം-320100125 | 20,90,762 | 20,31,131 | 41,21,893 | 11,58,162 | 0 | 29,63,731 |
| 320100160-Rural Housing-Housing For All | 5,20,000 | 0 | 5,20,000 | 4,80,000 | 0 | 40,000 |
| 320100202-Health | 6,45,847 | 4,45,219 | 10,91,066 | 2,20,292 | 0 | 8,70,774 |

| | | | | | | |
|---|---|---|---|---|---|---|
| Grant For Diagnostic Infrastructure To PHC S | | | | | | |
| 320100204-Health Grant Towards Conversion Of Phc's In To Wellness Centers | 1,64,889 | 6,77,911 | 8,42,800 | 73,455 | 0 | 7,69,345 |
| 320300199-Grant From Other Agencies -Grant From Other Govt Agencies | 4,17,560 | 0 | 4,17,560 | 0 | 0 | 4,17,560 |
| 320100197-Literacy Grant | 6,843 | 0 | 6,843 | 0 | 0 | 6,843 |
| 320100181-Total Sanitation Campaign | 2,579 | 0 | 2,579 | 0 | 0 | 2,579 |
| 320100191-Nirmal Puraskar | 2,76,660 | 0 | 2,76,660 | 0 | 0 | 2,76,660 |
| 320100190-Vimukthy | 48,424 | 0 | 48,424 | 0 | 0 | 48,424 |
| 320100192-Flood Grant | 0 | 1,00,000 | 1,00,000 | 0 | 0 | 1,00,000 |
| 320200399-Grant From Other Agencies -Grant From State Sponsord Schemes | 12,50,000 | 0 | 12,50,000 | 11,37,855 | 0 | 1,12,145 |
| 320800199-Grant From Other Govt Agencies -Capital | 0 | 30,00,000 | 30,00,000 | 0 | 0 | 30,00,000 |
| 320300102-Jalanidhi | 12,36,520 | 33,654 | 12,70,174 | 0 | 0 | 12,70,174 |
| 320700402-Grant From Municpal Corporations | 1,90,500 | 0 | 1,90,500 | 0 | 0 | 1,90,500 |

**ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്-ജനറൽ- ₹18,96,279/-**

**1-5 പദ്ധതി അവലോകനം.**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(₹) | പൂർത്തിയാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 368 | 27,74,27,852 | 243 | 11,53,71,564 | 112 | 131 | 125 | 30.43 % |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

**1-6 തൊഴിലുറപ്പു പദ്ധതി**

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് (₹) | ആകെ വരവ് (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1 | 13,99,683 | 13,99,684 | 13,99,153 | 531 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,72,44,011 | 1,72,44,011 | 1,72,44,011 | 0 |
| ആകെ | 1 | 1,86,43,694 | 1,86,43,695 | 1,86,43,164 | 531 |

**1-7 ക്ഷേമപദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 35,58,800 | 203 |
| വിധവാപെൻഷൻ | 1,92,66,900 | 1251 |
| വാർദ്ധക്യകാലപെൻഷൻ | 4,78,81,600 | 3302 |
| വികലാംഗപെൻഷൻ | 44,10,700 | 276 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള ധനസഹായം | 12,22,800 | 83 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 60,000 | 2 |

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2025 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹18062/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

**പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല.**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ മാത്രമാണ് മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളു. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല.**

ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള ആഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**1-10 ഉപയോഗ ക്രമം മാറ്റി വസ്തുനികുതി ഈടാക്കി**

സഞ്ചയസോഫ്റ്റ് വെയർ മുഖേന വസ്തുനികുതി പരിശോധിച്ചതുപ്രകാരം നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ താഴെചേർക്കുന്ന കടമുറികളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള "ബങ്കുകൾ" എന്ന് രേഖപ്പെടുത്തി, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു. കൂടാതെ ഉടമസ്ഥന്റെ പേര് നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | കെട്ടിട | ഉടമസ്ഥൻ/ | ഉപയോഗക്രമം | വസ്തുനികുതി | കെട്ടിടത്തിന്റെ |
|---|---|---|---|---|---|

| നം. | നം. | സ്ഥാപനം | | നിരക്ക് (₹) | തറവിസ്തീർണ്ണം (ച.മീ.) |
|---|---|---|---|---|---|
| 1 | 14/156 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 2 | 14/157 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 3 | 14/158 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 4 | 14/159 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 5 | 14/160 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 6 | 14/161 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 7 | 14/162 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 8 | 14/163 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 9 | 14/164 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 10 | 14/165 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 11 | 14/166 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 12 | 14/167 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 13 | 14/168 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ | ബങ്കുകൾ | 40.00 | 11 |

| | | | | | |
|---|---|---|---|---|---|
| | | ബാങ്ക് | | | |
| 14 | 14/169 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 14 |
| 15 | 14/170 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 16 | 14/171 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 17 | 14/172 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 18 | 14/173 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 19 | 14/175 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 9 |
| 20 | 14/176 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 21 | 14/177 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 22 | 14/178 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 23 | 14/179 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 24 | 14/180 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 25 | 14/181 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 11 |
| 26 | 14/182 | നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | ബങ്കുകൾ | 40.00 | 15 |

മേൽ അപാകതകൾക്കുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.18/29.09.25) മറുപടി ലഭ്യമാക്കിയില്ല. നെടുമ്പാശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ, മേൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിനമ്പറുകളുള്ള കടമുറികളെ, വാണിജ്യാവശ്യത്തിനുള്ള കടമുറികൾ ഉൾപ്പെടുന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, അവയ്ക്ക് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ ഉടമസ്ഥന്റെ പേര് രേഖപ്പെടുത്തിയിരിക്കുന്നത് പരിശോധിച്ച് ശരിയായ രീതിയിലുള്ള മാറ്റം വരുത്തേണ്ടതാണ്.

## 1-11 വസ്തു നികുതിയിനത്തിലെ കുടിശ്ശിക സംബന്ധിച്ച്-

2024-25 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിലെ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിൽ ആകെ ₹83,58,085.40 കുടിശ്ശികയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | തുക(₹) |
|---|---|---|
| 1 | റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (തൻ വർഷം) | 939,052.00 |
| 2 | റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (കുടിശ്ശിക) | 591,662.40 |
| 3 | നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (തൻ വർഷം) | 1,449,314.00 |
| 4 | നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി (കുടിശ്ശിക) | 5,378,057.00 |
| | ആകെ | 83,58,085.40 |

മേൽ സൂചിപ്പിച്ചിരിക്കുന്ന രീതിയിൽ കുടിശ്ശിക നിലനിൽക്കുന്നതിനുള്ള കാരണവും കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ചുവരുന്ന നടപടികളും അറിയിക്കാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/29.09.25)മറുപടി ലഭ്യമാക്കിയില്ല.

കെട്ടിട നികുതിയിനത്തിലെ തൻവർഷത്തെയും, മുൻ വർഷങ്ങളിലെയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് ₹83,58,085.40 – യാണ്. വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ സത്വര ഇടപെടൽ ഉണ്ടാകണം.

## 1-12 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വലിയ നീക്കിരിപ്പുണ്ടായിട്ടും സ്ഥിര നിക്ഷേപമാക്കിയില്ല- പലിശ നഷ്ടം

പഞ്ചായത്തിന്റെ ചുവടെ ചേർക്കുന്ന തനതുഫണ്ട് അക്കൗണ്ടുകളിൽ 31.03.2025 ൽ ചുവടെ ചേർക്കും പ്രകാരം കോടിക്കണക്കിന് രൂപ നീക്കിയിരിപ്പുണ്ടായിരുന്നു.

| അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|
| കേരള ബാങ്ക് Account No 042281000000005 | ₹6,34,68,889/- |
| HDFC Bank Own Fund Account No 50100245249925 | ₹3,10,82,324/- |

കുറഞ്ഞ പലിശനിരക്ക് മാത്രമുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ വലിയ തുകകൾ നീക്കിയിരിപ്പുണ്ടായിട്ടും ഉയർന്ന പലിശ ലഭിക്കത്തക്ക വിധം സ്ഥിരനിക്ഷേപമാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/29.09.2025) മറുപടി ലഭ്യമാക്കിയില്ല. ഉടൻ ആവശ്യം വന്നേക്കാവുന്ന പണത്തിന്റെ ആവശ്യകത കണക്കാക്കി ബാക്കിയുള്ള തുക ഉയർന്ന പലിശനിരക്ക് ലഭിക്കത്തക്ക വിധം സ്ഥിരനിക്ഷേപമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വാടക അപാകതകൾ - കുടിശ്ശിക ₹7,65,893/-

1.നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ

പ്രകാരം, പഞ്ചായത്തിന്റെ അധീനതയിലുള്ള, കടമുറികളുടെ വാടക കുടിശ്ശിക ₹7,65,893/- നിലനിൽക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.18/29.09.25) മറുപടി ലഭ്യമാക്കിയില്ല.

| I) കരിയാട് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
|---|---|---|---|---|
| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേരുവിവരം | വാടക തുക(₹) (പ്രതിമാസം) | വാടക കുടിശ്ശിക തുക(₹) |
| 1. | VII/41B | സി.കെ. ഗോപി, ചുള്ളിയിൽ | 3320/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ. 3320 X12 =39840/- |
| 2. | VII/41C | പി.എസ്, ശിവൻ, പറ്റത്തിൻ വീട് | 3241/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ. 3241 X 12 =38892/- |
| 3. | VII/41J | എം.വി. ഏലിയാസ്, മൽപ്പാൻ | 1945/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ. 1945 X 12 =23340/- |
| 4 | VII/41M | ജോജി ജേക്കബ്ബ്, തേലപ്പിള്ളി | 406/- | 2024 Sep മുതൽ 2025 മാർച്ച് വരെ. 406 X 7=2842/- |
| 5 | VII/41A | പോസ്റ്റ് മാസ്റ്റർ, മേയ്ക്കാട് | 1000/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ. 1000x12=12000/- |
| 6 | EKSAT | കുടംബശ്രീ | 740/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ. 740x12=8880/- |
| II) അത്താണി മാർക്കറ്റ് | | | | |
| 1 | A1 | പി,എം. ജോസ്, പടയാട്ടിൽ | കേസ് നിലനിൽക്കുന്നു. | |
| 2 | A3 | പി.കെ. ഖാലിദ് , പാറേലിൽ | കേസ് നിലനിൽക്കുന്നു. | |
| 3 | A5 | കെ.പി. കുമാരൻ, കൊല്ലേലിത്തറ | കേസ് നിലനിൽക്കുന്നു. | |
| 4 | A10 | 1100/- | 2024 ഓഗസ്റ്റ്. (കമ്മിറ്റി തീരുമാനം24(1)തീയതി 05.09.2024 പ്രകാരം സെപ്റ്റംബർ മുതലാണ് വാടക ഒഴിവാക്കിയിരിക്കുന്നതായി കാണുന്നത്) 1100/-, 1100x1=1100/- | |
| 5 | A11 | പി.കെ. കോരത്, പട്ടമാടി | 1158/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ., 1158x12=13896/- |
| 6 | A18 | ബേബി കുര്യൻ, ആലുക്കൽ | 1171/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ, 1171 |

| | | | | |
|---|---|---|---|---|
| | | | | X 12= 14052/- |
| 7 | B7 | എ.എം.വർക്കി | 3601/- | 2024 ജൂൺ മുതൽ 2025 മാർച്ച് വരെ., 3601 X 10=36010/- |
| 8 | B9 | ഷാഹിദ് വി.എസ്., വാത്തോലി | 1173/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ., 1173 X 12= 14076/- |
| 9 | B11 | പി,കെ. നിയാസ്, പള്ളത്തുകടവിൽ | 1191/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ., 1191x12=14292/- |
| 10 | B14 | പി.കെ. ഖാലിദ്, പാലയിൽ | കേസ് നിലനിൽക്കുന്നു. | |
| 11 | B17 | ഷിജുരാജ്, കോലോത്തറ | 1155/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ., 1155x12=13860/- |
| 12 | B18 | ശീമോൻ ടി.വി., തേയ്ക്കാനത്ത് | 1154/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ., 1154x12=13848/- |
| 13 | B19 | ജിബിൻ, പാറയ്ക്കൽ | കേസ് നിലനിൽക്കുന്നു. | |
| 14 | B20 | കെ.കെ. സുനിൽ, കാട്ടിലാൻ പറമ്പിൽ | 2267/- | 2025 ജനുവരി മുതൽ മാർച്ച് വരെ. 2267x3=6801/- |
| 15 | C7 | രാമചന്ദ്രൻ, പൈനാടത്ത് | കേസ് നിലനിൽക്കുന്നു. | |
| III) അത്താണി ബസ് ടെർമിനൽ കോംപ്ലക്സ് | | | | |
| 1 | V/960L | ബീന, നസീർ, വള്ളിക്കട | 15316/- | 2024 ഓഗസ്റ്റ് മുതൽ 2025 മാർച്ച് വരെ., 15316 X 8= 122528/- |
| 2 | V/960M | മുഹമ്മദ് അസം, മരോട്ടിക്കൽ | 15316/- | 2024 ഓഗസ്റ്റ് മുതൽ 2025 മാർച്ച് വരെ., 15316 X 8= 122528/- |
| 3 | V/960N | ടി.കെ. ചന്ദ്രൻ, തേറാട്ടിൽ | 15316/- | 2025 ജനുവരി മുതൽ മാർച്ച് വരെ., 15316 X 3= 45948/- |
| 4 | V/960K | സി.പി. ജോയി, ചുള്ളിയിൽ | 15414/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ., 15414x12=184968/- |
| 5 | V/960 R,S (ബസ് ടെർമിനൽ അപ്സ്റ്റെയർ) | ടി.കെ. ചന്ദ്രൻ, തേറാട്ടിൽ, സജീവൻ, രാജീവ്,സജി ഫ്രാൻസീസ് | 3016/- | 2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ., 3016x12=36192/- |

മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന കടമുറികളുടെ കുടിശ്ശിക തുക, ജി.എസ്.ടി ഉൾപ്പെടെ പിഴ പലിശ സഹിതം ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി രേഖകൾ

ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. A7, A12, A13, A15, A17, B1, B2, B3, B6, C8 എന്നീ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല. C1 കടമുറി, നവംബർ 1 മുതൽ ഒഴിഞ്ഞു കിടക്കുന്നു. വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3. മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന, കേസ് നിലനിൽക്കുന്നതായിട്ടുള്ള കടമുറികളുടെ കേസിന്റെ നിലവിലെ സ്ഥിതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. വാടക എഗ്രിമെന്റുകൾ, വാടക സംബന്ധിച്ച കമ്മിറ്റി തീരുമാനങ്ങൾ, വാടക നിരക്ക് നിശ്ചയിച്ച രേഖകൾ, എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
5. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ, വാടകയുടെ ഡിസിബി സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
6. ലേലം നടന്ന തീയതി, വാടകക്കാലയളവ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക, മാസവാടകത്തുക അടവാക്കിയ രസീത് നമ്പർ, തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി വാടക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ആവശ്യമാണ്.

## <u>1-14 പരിഷ്കരിച്ച സ്ലാബിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ജീവനക്കാരിൽ നിന്നും നികുതി പിരിച്ചെടുത്ത് അടയ്ക്കുമ്പോൾ സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് എന്നിവ പരിശോധിച്ചതുപ്രകാരം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പരിഷ്കരിച്ച സ്ലാബിൽ (സ.ഉ(സാധാ)നം.1149/2024/ എൽ.എസ്.ജി.ഡി, തിരുവനന്തപുരം തീയതി 27.06.2024), രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ ₹2700/- വരവ് നഷ്ടം. വിശദവിവരങ്ങൾ ഭാഗം 2-1 ൽ ചേർത്തിരിക്കുന്നു.

## <u>1-15 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ അവ്യക്തത</u>

പെർമിറ്റ് നം. - A3-BA(274943)/24, തീയതി 24-8-24

പേര് - കെ എം യൂസഫ്, എം ഡി കാന്റൻ റസിഡൻസ് പ്രൈവറ്റ് ലിമിറ്റഡ്

പെർമിറ്റ് നൽകിയത് - 7699.53 M2 (സ്പെഷ്യൽ റസിഡൻഷ്യൽ - 7322.34 M2, കൊമേഷ്യൽ - 377.19 $M^2$)

ആകെ സ്ഥലം - 2000 M2

പെർമിറ്റ് ഫീസ് ഇടാക്കിയത്- 7,04,274, രസീത് നം. 1240103013/ 23-8-23

FSI ഫീസ് ഈടാക്കിയത് - 17,00,000/-, രസീത് നം. 1240103012/ 23-8-23

കെട്ടിടത്തിന്റെ പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിടം | പ്ലിന്ത് ഏരിയ (M2) | ഫ്ലോർ ഏരിയ (M2) |
|---|---|---|
| ബേസ്മെന്റ് - 1 | 1102.21 M2 | 52.36 |
| ബേസ്മെന്റ് - 2 | 1102.21 M2 | 82.93 |
| ഗ്രൗണ്ട് ഫ്ലോർ | 950.63 | 903.48 |
| 1 St ഫ്ലോർ | 900.42 | 878.82 |
| $2^{nd}$ ഫ്ലോർ | 900.42 | 878.82 |
| 3 Rd ഫ്ലോർ | 900.42 | 878.51 |
| $4^{th}$ ഫ്ലോർ | 900.42 | 878.51 |
| $5^{th}$ ഫ്ലോർ | 900.42 | 819.08 |
| Terrace | 42.38 | 37.42 |
| Total | 7699.53 | 5409.93 |

ഈ കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ കാണുന്നു.

1. പ്ലാൻ പ്രകാരം ഇത് ഹോട്ടൽ ആണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെർമിറ്റ് പ്രകാരം ഇത് സ്പെഷ്യൽ റെസിഡഷ്യൽ കെട്ടിടമാണ് (ഹോട്ടൽ). ചട്ടപ്രകാരം ഇതിന് ഈടാക്കേണ്ട പെർമിറ്റ് ഫീസ് 7699.53 X 100/M2 – ₹7,69,953/- യാണ് . എന്നാൽ ഈടാക്കിയത് ₹7,04,274 - *യാണ്.*

2. ഈ കെട്ടിടത്തിന്റെ FSI കണക്കാക്കിയത് - ആകെ ഫ്ലോർ ഏരിയ – കണക്കാക്കിയത് 5,403.51

M2 ആണ്. ഇതിൽ സ്പെഷ്യൽ റസിഡൻഷ്യൽ ഏരിയ 5026.32 M2, കൊമേഷ്യൽ ഏരിയ 377. 19 M2 എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ആവറേജ് FSI കണക്കാക്കിയത് പ്രകാരം ആകെ FSI ഫീസായി - ₹17,00,000/- ഈടാക്കി.

3. പ്ലാൻ പ്രകാരം ഇതിന്റെ ഫ്ലോർ ഏരിയ 5409.93 M2 അണെന്നിരിക്കെ, ഫ്ലോർ ഏരിയ 5,403.51 M2 കണക്കാക്കിയാണ് FSI ഈടാക്കിയത്. ഈ കെട്ടിടം മുഴുവനും സ്പെഷ്യൽ റസിഡൻഷ്യൽ ആയതിനാൽ ഇതിന് ഈടാക്കേണ്ട FSI തുക താഴെ കൊടുക്കുന്നു.

ആകെ സ്ഥലം - 2000 M2

അധിക ഫീസ് ഇല്ലാതെ പരമാവധി അനുവദിക്കാവുന്ന FSI – 2.50 M2

അനുവദിക്കാവുന്ന ഏരിയ 2000 M2 X 2.5 = 5000 M2

കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ 5409.93 M2

അധികം അനുവദിച്ച ഏരിയ – 5409.93 M2 - 5000 M2 = 409.93 M2

ഈടാക്കേണ്ട FSI തുക 409.93 M2 X 5000/M2 = ₹20,49,650/- രൂപ. ഈടാക്കിയ ഫീസ്- ₹17,00,000/

കുറവ് ഈടാക്കിയത്. 20,49,650– 17,00,000/- = ₹3,49,650.00 രൂപ.

ഈ കെട്ടിടത്തിന് പെർമിറ്റ് ഫീസിനത്തിൽ *₹65,679.00* യും FSI ഇനത്തിൽ ₹3,49,650.00 യും കുറവ് വന്നിട്ടുണ്ട്.

ആയത് പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറി നം - 20/29-9-25 – ന് മറുപടി ലഭിച്ചില്ല.
ഈ ഹോട്ടലിലെ ഡൈനിംഗ് ഏരിയ ഉൾപ്പടെയുള്ള സ്ഥലം സ്പെഷ്യൽ റെസിഡൻഷ്യൽ ആണെന്നിരിക്കെ ഡൈനിംഗ് ഏരിയ കോമേഴ്സ്യൽ ആയി കണക്കാക്കിയാണ് FSI കണക്കാക്കിയിരിക്കുന്നത്. ഈ വിഷയത്തിന്മേൽ വിശദമായ പരിശോധന നടത്തി, കൃത്യമായ തുകകൾ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-16 അഡ്വക്കേറ്റ് ഫീസ് നൽകിയത് - തടസ്സപ്പെടുത്തുന്നു - 15,000/-**

കേസ് നം. WP(c) No. 26141 /2016

വൗച്ചർ നം. 42400228/16-6-24 -₹15000/-

ഈ കേസിന്റെ വാദി - 1. സുകുമാരൻ മേനോൻ 2. ആന്റു കെ ഒ

പ്രതി - 1. നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത്, 2. വർഗ്ഗീസ് എ കെ

ഈ കേസിന് അഡ്വക്കേറ്റ് ഫീസിനത്തിൽ അഡ്വക്കേറ്റ് ജോർജ് വർഗ്ഗീസിന് ₹13,500/- (TDS 1500 കിഴിച്ച്) നൽകിയിട്ടുണ്ട്. ഈ കേസ് 30-5-24 – ൽ പരിഗണിക്കുകയും അന്ന് തന്നെ കേസ് തള്ളുകയും ചെയ്തിട്ടുണ്ട് (Writ Petition Is Dismissed As Infructuous). ഈ കേസ് എന്താണ് എന്ന് വ്യക്തമല്ല. ഇതിന്റെ ഫയലുകൾ ഒന്നും ലഭ്യമല്ല. ഇതിനായി ഈ വക്കീലിനെ നിയമിക്കുകയോ വക്കീൽ ഫീസ് നൽകുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല.

അഡ്വക്കേറ്റ് ഈ കേസിന്റെ വിധിയുടെ പകർപ്പ് പഞ്ചായത്തിൽ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വക്കീൽ ഫീസ് നൽകുകയുമാണ് ചെയ്തത്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങളുടെ അഭാവത്തിൽ അഡ്വക്കേറ്റ് ഫീസ് ഇനത്തിൽ ചെലവായ ₹15000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം - 7/26-9-25 – ന് മറുപടി ലഭിച്ചില്ല.

**1-17 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ചെലവ് തുകയായ 13,20,235/- രൂപ തടസ്സപ്പെടുത്തുന്നു.**

2024-25ൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഭാഗമായി താഴെപറയുന്ന സ്ഥാപനങ്ങളിൽ തുക അടവാക്കിയിട്ടുണ്ട്. ടി പ്രൊജക്റ്റുകൾ പൂർത്തീകരിച്ചത് സംബന്ധിച്ച് അതത് സ്ഥാപനങ്ങളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/ നമ്പർ | അടവാക്കിയ തുക (ബിൽ നമ്പർ) | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ ലൈൻ ഇൻസ്റ്റാലേഷൻ (179/25) | 312905/- (ബിൽ നം.791/ 26.3.2025 )<br>32022/- (ബിൽ നം. 805/ 27.3.2025 )<br>71990/- (ബിൽ നം. 817/ 29.3.2025 ) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, അങ്കമാലി<br>KSEB, ഇലക്ട്രിക്കൽ സെക്ഷൻ, ചൊവ്വര<br>KSEB, ഇലക്ട്രിക്കൽ സെക്ഷൻ, കാലടി |
| 2 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – വാർഡ് 15(343/25) | 89375/- (ബിൽനം. 228/ 26.10.2024 ) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, അത്താണി |
| 3 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈൻ ഇൻസ്റ്റാലേഷൻ, ലൈൻ എക്സ്റ്റെൻഷൻ (227/25) | 149918/- (ബിൽ നം. 244/ 2.11.2024)<br>560000/- (ബിൽ നം. 816/ 29.3.2025 ) | KSEB, ഇലക്ട്രിക്കൽ സെക്ഷൻ, അങ്കമാലി<br>KSEB, ഇലക്ട്രിക്കൽ സെക്ഷൻ, ചെങ്ങമനാട് |
| 4 | IKM വിഹിതം നല്കൽ(1/25) | 104025/- (ബിൽ നം. 314/ 12.12.2024) | IKM, തിരുവനന്തപുരം |
| | ആകെ | 1320235/- | |

മേൽ സൂചിപ്പിച്ച പ്രൊജക്റ്റുകൾ പൂർത്തീകരിച്ചതു സംബന്ധിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.8/27.9.2025) നൽകിയിരുന്നുവെങ്കിലും ആയതിനു മറുപടി ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ആകെ ചെലവ് തുകയായ ₹13,20,235/- തടസ്സപ്പെടുത്തുന്നു.

## 1-18 നെടുമ്പാശ്ശേരി മട്ട അരി പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് | നെടുമ്പാശ്ശേരി മട്ട അരി (374/25) |
| അടങ്കൽ | ₹400000/- (തനത് ഫണ്ട് ) |
| ചെലവ് | ₹31432/- (ബിൽ നമ്പർ- 249/5.11.24)<br>₹197814/- (ബിൽ നമ്പർ- 2.11.2024)<br>₹21548/- (ബിൽ നമ്പർ- 25.3.2025)<br>₹250794/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

പഞ്ചായത്ത് പരിധിയിലുള്ള നെൽപ്പാടങ്ങളിൽ വിളഞ്ഞ നെല്ല് കർഷകരിൽ നിന്നും സംഭരിച്ചു ഗുണമേന്മയുള്ള മട്ട അരിയാക്കിയ ശേഷം പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.

പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി താഴെപറയുന്ന പ്രകാരം നെല്ല് വാങ്ങിയിട്ടുണ്ട്

| നെല്ല് വാങ്ങിയ വ്യക്തി /സ്ഥാപനം | സംഭരിച്ച നെല്ലിന്റെ അളവ്(കിലോ .ഗ്രാം) | നൽകിയ തുക (28.31/കിലോ .ഗ്രാം) |
|---|---|---|
| വർഗ്ഗീസ് .കെ. എ | 1426 | ₹40384/- |
| KAMCO കർഷക മിത്ര സമിതി, അത്താണി | 5559 | ₹157430/- |
| ആകെ | 6985 | ₹197814/- |

സംഭരിച്ച 6985 കിലോ ഗ്രാം നെല്ല് പള്ളിയാക്കൽ സർവീസ് സഹകരണ ബാങ്കിന്റെ മില്ലിൽ നൽകി അരിയാക്കിയിട്ടുണ്ട്. ആയതിനായി കിലോഗ്രാമിന് 4.50 രൂപ നിരക്കിൽ ₹31432/- ബാങ്കിന് നൽകിയിട്ടുണ്ട്. പാക്കിങ്, ട്രാൻസ്പോർട്ടേഷൻ, മറ്റു ചെലവുകൾ എന്നിവക്കായി

₹21548/- ചെലവഴിച്ചിട്ടുണ്ട്. ബാങ്കിന്റെ 11.11.2024 ലെ കത്ത് പ്രകാരം ലഭിച്ച അരിയുടെയും വിറ്റഴിച്ച അരിയുടെയും ലഭിച്ച തുകയുടെയും വിവരം താഴെ ചേർക്കുന്നു

| ഇനം | ലഭിച്ചത് (കിലോ ഗ്രാം) | വിറ്റഴിച്ചത് (കിലോ ഗ്രാം) | ബാക്കി | ലഭിച്ച തുക |
|---|---|---|---|---|
| അരി | 3940 | 3940 (@500/10 Kg ബാഗ് ) | 0 | 197000 |
| പൊടിയരി | 87.85 | 80 (@250/10 കിലോഗ്രാം) | 7.85 | 2000 |
| കറുത്ത അരി | 178 | 35 (@10/ കിലോഗ്രാം) | 143 | 350 |
| തവിട്,ഉമി | അളവ് രേഖപ്പെടുത്തിയിട്ടില്ല | വിറ്റഴിച്ചിട്ടില്ല | | |
| ആകെ | | | | 199350/- |

ടി പ്രോജെക്ട് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ വന്ന അപാകതകൾ താഴെ ചേർക്കുന്നു

1) വിറ്റഴിക്കാൻ ബാക്കിയുള്ള പൊടിയരി, കറുത്ത അരി, തവിട്, ഉമി എന്നിവ എന്ത് ചെയ്തെന്നു വ്യക്തമല്ല.

2) ലഭിച്ച അരിയും മറ്റു സാധനങ്ങളും സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

മേൽസൂചിപ്പിച്ച അപാകതകൾക്കു വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.13/29.9.2025) നൽകിയിരുന്നുവെങ്കിലും ആയതിനു മറുപടിയോ രേഖകളോ ഹാജരാക്കിയിട്ടില്ല. ആയതിനു വിശദീകരണം ഹാജരാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 റിവോൾവിങ് ഫണ്ട് കൈപ്പറ്റിയ കുടുംബശ്രീ സംഘങ്ങൾ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. പദ്ധതി മുഖേന ചെലവഴിച്ച 200,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജെക്ട് | റിവോൾവിങ് ഫണ്ട്- കുടുംബശ്രീ (17/25) |
| അടങ്കൽ | ₹200,000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹200,000/- |
| വൗച്ചർ നമ്പർ | 754/25.3.25 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

വിവിധ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിങ് ഫണ്ട് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ ഭാഗമായി 28.2.2025 ലെ കത്ത് മുഖേന ആവശ്യപ്പെട്ടത് പ്രകാരം 2 ലക്ഷം രൂപ സി.ഡി.എസ് ചെയർപേഴ്സണ് (നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്) കൈമാറിയിട്ടുണ്ട്. ആയതു ₹20,000/- വീതം 10 കുടുംബശ്രീ സംഘങ്ങൾക്കായി നൽകിയിട്ടുണ്ട്. എന്നാൽ ഈ 10 കുടുംബശ്രീ സംഘങ്ങൾ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. അവയുടെ പ്രവർത്തനം, ഫണ്ടിന്റെ വിനിയോഗം എന്നിവ സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.22/3.10.2025) നൽകിയിരുന്നുവെങ്കിലും മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽസൂചിപ്പിച്ച രേഖകൾ/വിശദീകരണം ലഭ്യമാക്കുന്നതു വരെ പദ്ധതി മുഖേന ചെലവഴിച്ച ₹2,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷം തുക അനർഹമായി വിതരണം ചെയ്തു.

സ.ഉ.(കൈ) നം.97/2020/ധന/ 23.09.2020 നമ്പർ ഉത്തരവ് പ്രകാരം അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്ന പക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക

തിരിച്ച് പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരികെ അടക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. മരണപ്പെട്ട പെൻഷൻകാരുടെ അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിനുശേഷം അനർഹമായി തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പ്രസ്തുത തുക എല്ലാം സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് മരണപ്പെട്ട പെൻഷണറുടെ അവകാശികൾ / ബന്ധപ്പെട്ട ബാങ്കുകൾ എന്നിവർക്ക് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും ആയത് പ്രകാരം തുക അടവാക്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങളും, ബന്ധപ്പെട്ട ഫയലുകളും ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.11/29.09.25)മറുപടി ലഭ്യമാക്കുകയോ ബന്ധപ്പെട്ട ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തില്ല. ഗ്രാമ പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സേവന സോഫ്റ്റ് വെയർ മുഖേന പെൻഷൻ വിതരണം പരിശോധിച്ചതിൽ, താഴെപ്പറയുന്ന ഗുണഭോക്താളുടെ മരണശേഷവും തുക അനർഹമായി വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ ആധാർ നം. | മരണപ്പെട്ട തീയതി/ പെൻഷൻ ഇനം/ | നിക്ഷേപിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1. | സജിത ജോസഫ് 7467 4529 5117 | 09.03.2025 ഡിസബിലിറ്റി പെൻഷൻ | 2025 ഏപ്രിൽ മുതൽ ജൂലൈ വരെ . പ്രതിമാസം₹1600/- വീതം. (4x1600=6400/-) | ഗുണഭോക്താവിന്റെ മരണ ശേഷവും അക്കൗണ്ടിൽ തുക നിക്ഷേപിച്ചു (2025 ഓഗസ്റ്റിലെ തുക മസ്റ്ററിംഗ് നടത്താതിനാൽ ബാങ്കിൽ തടഞ്ഞു വച്ചിരിക്കുന്നു.) |
| 2. | അമ്മിണി 3905 7659 6447 | 15.03.2025 വാർദ്ധക്യകാല പെൻഷൻ | 2025 ഏപ്രിൽ മുതൽ ജൂലൈ വരെ പ്രതിമാസം₹1600/- വീതം (4x1600=6400/-) | ഗുണഭോക്താവിന്റെ മരണ ശേഷം തുക അനർഹമായി കൈപ്പറ്റി. (2025 ഓഗസ്റ്റിലെ തുക മസ്റ്ററിംഗ് നടത്താതിനാൽ ബാങ്കിൽ തടഞ്ഞു വച്ചിരിക്കുന്നു.) |

മേൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിലെ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്കും (നം. 23/03.10.25) മറുപടി ലഭ്യമാക്കിയില്ല.
ക്രമ നം 2-ൽ സൂചിപ്പിച്ചിരിക്കുന്ന ഗുണഭോക്താവ് പൂതൃക്ക ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാര നാണെന്നാണ് സേവന സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. സർക്കുലർ നം. 63/2021/ധന തീയതി 02.08.2021 പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട /അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ ഗുണഭോക്താവിന്റെ മരണ ശേഷവും തുക അനർഹമായി കൈപ്പറ്റിയതിനാൽ ടി വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിലേക്ക് ടിയാൾ മരണപ്പെട്ട വിവരം, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ഇതുവരെയും അറിയിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. സ.ഉ.(കൈ) നം.97/2020/ധന/ 23.09.2020, സർക്കുലർ നം.63/2021/ധന തീയതി 02.08.2021 എന്നിവ അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിച്ച് എത്രയും പെട്ടെന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ചിരിക്കുന്ന വിധത്തിലുള്ള അപാകതകൾ വേറേയും

സംഭവിച്ചിട്ടുണ്ടോയെന്ന് വിശദമായി പരിശോധിച്ച് വിലയിരുത്തി ,തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 ആക്സിഡന്റ് ഇൻഷുറൻസ് പോളിസി പ്രീമിയം - നിർദ്ദേശങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് | ആക്സിഡന്റ് ഇൻഷുറൻസ് പോളിസി പ്രീമിയം (3/25) |
| അടങ്കൽ | ₹9,86,000/- (തനത് ഫണ്ട് ) |
| ചെലവ് | ₹9,86,000/- (ബിൽ നമ്പർ-211/10.10.2024) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽസൂചിപ്പിച്ച പദ്ധതി മുഖേന United India Insurance Co . LTD എന്ന ഇൻഷുറൻസ് സ്ഥാപനത്തിൽ നിന്നും ₹9,86,000/- ചെലവഴിച്ചു പഞ്ചായത്ത് പരിധിയിലുള്ള 10 വയസ്സിനും 70 വയസ്സിനും ഇടയിലുള്ള 29000 പേർക്ക് ഒരു ലക്ഷം രൂപ കവറേജ് ലഭിക്കുന്ന ആക്സിഡന്റ് ഇൻഷുറൻസ് പോളിസി (13.10.2024 മുതൽ 12.10.2025 വരെ)എടുത്തിട്ടുണ്ട്.

ടി പ്രോജക്ടിന്റെ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ വന്ന താഴെ പറയുന്ന അപാകതകൾക്കു വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 15/29.9.2025) നൽകിയിരുന്നു.

1) ടി പദ്ധതി മുഖേന ആർക്കെങ്കിലും ആക്സിഡന്റ് ഇൻഷുറൻസ് ക്ലെയിം തുക ലഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം

2) ടി പദ്ധതി നിലവിലുള്ള വിവരം സംബന്ധിച്ചു പഞ്ചായത്ത് പരിധിയിൽ പ്രചാരണം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

ആയതിന് 3.10.2025 നു ലഭ്യമാക്കിയ മറുപടിയിൽ 2024-25 സാമ്പത്തിക വർഷം ടി പോളിസി മുഖേന 2 പേർക്ക് ഒരു ലക്ഷം വീതം ഇൻഷുറൻസ് തുക ലഭിച്ചിട്ടുണ്ടെന്നും 3 പേരുടെ അപേക്ഷ പരിഗണനയിലാണെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് മതിയായ പ്രചാരണം നടത്തിയിട്ടുണ്ടോ എന്ന വിഷയത്തിൽ മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിലുള്ള ഓഡിറ്റ് നിർദ്ദേശം താഴെ ചേർക്കുന്നു.

1)ആക്സിഡന്റ് ഇൻഷുറൻസ് പോളിസിക്ക് പ്രായപരിധി നിശ്ചയിച്ചത് ശരിയായ നടപടി അല്ല. ആയതിനാൽ പ്രായപരിധി ഭാവിയിൽ ഒഴിവാക്കേണ്ടതാണ്

2)കഴിഞ്ഞ 10 വർഷമായി ഈ വിധത്തിൽ പോളിസി എടുത്തിട്ടുണ്ട്. മറ്റു പോളിസികൾ ഉള്ളവർ ധാരാളം ഉണ്ടാകുമെന്നതിനാൽ ഇത്തരത്തിൽ ഭീമമായ തുക ചെലവഴിച്ചു ടി പദ്ധതി തുടരേണ്ടതുണ്ടോ എന്ന വിഷയത്തിൽ ഒരു പുനർ വിചിന്തനം പഞ്ചായത്ത് അധികൃതർ നടത്തേണ്ടതാണ്

## 1-22 അഡ്വാൻസ് നൽകിയത് ക്രമീകരിച്ചിട്ടില്ല.

പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥരുടെ ഓരോ വർഷത്തേയും ദൈനംദിനാവശ്യങ്ങൾക്കുള്ള ചെലവുകളുടെ തുക പഞ്ചായത്ത് അഡ്വാൻസായി നൽകുകയാണ് ചെയ്യുന്നത്. എന്നാൽ ഈ അഡ്വാൻസ് തുകകൾ ഇതുവരെ ക്രമീകരിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 31-3-25- ൽ ₹10,46,717/- ഇനിയും ക്രമീകരിക്കാൻ ബാക്കിയുണ്ട്. ഇത് ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 25/3-10-25 – ന് മറുപടി ലഭിച്ചില്ല.

## 1-23 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന വിവിധ ഭവന പദ്ധതികൾ സംബന്ധിച്ച രജിസ്റ്റർ, മറ്റു രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയും നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

1) ലൈഫ് മിഷൻ ഭവന പദ്ധതി- 2020 (ജനറൽ)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യ ഗഡു | അവസാനം ഗഡു | ഇതുവരെ ആകെ | നിലവിൽ പണി |
|---|---|---|---|---|---|

| | | നൽകിയ തീയതി | കൈപ്പറ്റിയ തീയതി | കൈപ്പറ്റിയ തുക (₹) | തീർന്ന ഘട്ടം |
|---|---|---|---|---|---|
| 1 | കെ.വി മാർട്ടിൻ, ജാൻസി വി. ഒ കോട്ടക്കൽ, അങ്കമാലി | 5.7.2023 | 4.11.2023 | 100,000 | ലിന്റൽ |

2) ലൈഫ് മിഷൻ ഭവന പദ്ധതി- 2020 (എസ്.സി)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യ ഗഡു നൽകിയ തീയതി | അവസാനം ഗഡു കൈപ്പറ്റിയ തീയതി | ഇതുവരെ ആകെ കൈപ്പറ്റിയ തുക (₹) | നിലവിൽ പണി തീർന്ന ഘട്ടം |
|---|---|---|---|---|---|
| 1 | കമല സുബ്രൻ പാറേപ്പറമ്പിൽ ചെറിയ വാപ്പാലശ്ശേരി | 22.8.2023 | 4.3.2024 | 4,00,000 | റൂഫ് |
| 2 | സുധൻ കെ .ആർ മിനി .കെ .വി വെള്ളിമറ്റം തുരുത്തിശ്ശേരി | 27.1.2024 | 24.7.2024 | 3,40,000 | റൂഫ് |
| 3 | ശ്രുതി മഹേഷ് പറമ്പി വീട് പൊയ്ക്കാട്ടുശ്ശേരി | 4.3.2024 | 18.7.2024 | 3,87,000 | റൂഫ് |

മേൽ സൂചിപ്പിച്ചത് പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് മുമ്പാകെ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 21/3.10.2025) നൽകിയിരുന്നുവെങ്കിലും ആയതിനു മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽസൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-24 പേവിഷബാധ നിർമ്മാർജ്ജനം-ചെലവിനങ്ങളിലെ അപാകത

| | |
|---|---|
| പ്രോജക്ട് നം , പേര് | 90/25, പേവിഷബാധ നിർമ്മാർജ്ജനം |
| അടങ്കൽ തുക /ഫണ്ട് | ₹23,007/- (വികസനഫണ്ട്- ജനറൽ ) |
| ചെലവ് | ₹23,007/- (വികസനഫണ്ട്- ജനറൽ) (ബിൽ നം. 388/16.01.2025) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |

നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തിൽ 06.01.2025 മുതൽ 10.01.2025 വരെ നടത്തിയ പേവിഷബാധ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ടാണ് മേൽ പ്രോജക്റ്റിൽ ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ഇതിൽ ഭകഷണച്ചെലവിലേക്കായി വലിയ തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | തുക |
|---|---|
| ഓട്ടോ കൂലി | ₹5350/- (950+1100+900+1200+1200) |
| ഭക്ഷണച്ചെലവ് | ₹7757/- ( 378+110+2158+1560+2010+1541) |
| നോട്ടീസ് | ₹1400/- |
| അനൗൺസ്മെന്റ് | ₹8500/- |
| ആകെ | ₹23007/- |

ആകെ പ്രോജക്റ്റ് ചെലവിൽ ₹7757/- ഭകഷണച്ചെലവുമായി ബന്ധപ്പെട്ടുള്ളതാണ്. ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഭക്ഷണത്തിനുള്ള അലവൻസായി സർക്കാർ തുക നിജപ്പെടുത്തിയിട്ടില്ലെങ്കിലും പദ്ധതി തുകയുടെ മൂന്നിലൊരുഭാഗം ഈ ആവശ്യത്തിന് മാത്രം ചെലവഴിച്ചത് ശരിയായ നടപടിയല്ല. വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/29.09.2025) മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-25 പകർച്ചവ്യാധി നിയന്ത്രണം-പ്രോജക്റ്റ് അപാകതകൾ**

| | |
|---|---|
| പ്രോജക്ട് നം , പേര് | 128/25, പകർച്ചവ്യാധി നിയന്ത്രണം |
| അടങ്കൽ തുക /ഫണ്ട് | ₹2,00,000/- (തനതുഫണ്ട്) |
| ചെലവ് | ₹1,99,972/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നെടുമ്പാശ്ശേരി |

പകർച്ചവ്യാധി നിയന്ത്രണം എന്ന പേരിൽ തൻവർഷം നടപ്പിലാക്കിയ പ്രോജക്റ്റിൽ ആകെ ചെലവഴിച്ച ₹1,99,972/-യുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെലവിനം | തുക (₹) | തുക കൈപ്പറ്റിയ വ്യക്തി | വൗച്ചർനം തീയതി | ഇൻവോയ്സ്/ ബിൽ നം, തീയതി, തുക (₹) | റിമാർക്സ് |
|---|---|---|---|---|---|
| മൈക്ക് അനൗൺസ്മെന്റ് | 4000 | ഏല്യാസ് പി.ജെ | 22400321/ 13.07.24 | 22.04.2024 | - |
| നോട്ടീസ് അച്ചടി | 26,800 | ശ്രീലേഖ പി.വി , ഹെൽത്ത് ഇൻസ്പെക്ടർ | 22400479/ 30.08.24 | 181/06.06.24- ₹12,500/- | കൊതുകുജന്യ രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരം നൽകുന്നതിന് 10000 നോട്ടീസ് @1.25/- അടിച്ചതിന് Maxprint Chengamanad എന്ന സ്ഥാപനത്തിന് നൽകിയത് |
| | | ,, | ,, | 180/20.04.24- ₹6,250/- | മഞ്ഞപ്പിത്ത രോഗ ബോധവൽക്കരണം- 5000 നോട്ടീസ് @1.25/- അടിച്ചതിന് Maxprint Chengamanad എന്ന സ്ഥാപനത്തിന് നൽകിയത് |
| | | ,, | ,, | 178/08.04.24- ₹6,250/- | മഞ്ഞപ്പിത്ത രോഗ ബോധവൽക്കരണം- 5000 നോട്ടീസ് അടിച്ചതിന് Maxprint Chengamanad എന്ന സ്ഥാപനത്തിന് നൽകിയത് |
| | | ,, | ,, | 182/06.06.24- ₹1,800/- | രജിസ്റ്റർ വാങ്ങിയതിന് Maxprint Chengamanad എന്ന സ്ഥാപനത്തിന് |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകിയത് |
| | 17,444 | ശ്രീലേഖ പി.വി , ഹെൽത്ത് ഇൻസ്പെക്ടർ | 22400523/ 24.08.24 | 715/26.07.24- ₹12,500/- | കൊതുകുജന്യ രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരം നൽകുന്നതിന് 10000 നോട്ടീസ് @1.25/- അടിച്ചതിന് Maxprint Chengamanad എന്ന സ്ഥാപനത്തിന് നൽകിയത് |
| | | ,, | ,, | ₹4944/- | കൊതുക് നശീകരണത്തിന് ഫോഗിംഗ് നടത്തിയതുമായി ബന്ധപ്പെട്ട ചെലവുകൾ |
| | 14,973 | ശ്രീലേഖ പി.വി , ഹെൽത്ത് ഇൻസ്പെക്ടർ | 22401205/ 14.01.25 | 311/10.09.24- ₹12,500/- | കൊതുകുജന്യ രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരം നൽകുന്നതിന് 10000 @1.25/- നോട്ടീസ് അടിച്ചതിന് Maxprint Chengamanad എന്ന സ്ഥാപനത്തിന് നൽകിയത് |
| | | | | ₹2,473/- | കൊതുക് നശീകരണത്തിന് ഫോഗിംഗ് നടത്തിയതുമായി ബന്ധപ്പെട്ട ചെലവുകൾ |
| ഗപ്പി മീൻകുഞ്ഞുങ്ങൾ വാങ്ങൽ | 2755 | ഗോൾഡൻ അക്വേറിയം ചെങ്ങമനാട് | 22401635/ 30.03.25 | A70/24.03.35 | - |
| ക്ലോറിനേഷൻ നടത്തിയതിനും, നോട്ടീസ് അച്ചടി, മറ്റു ചെലവുകൾ | 1,34,000 | ശ്രീലേഖ പി.വി , ഹെൽത്ത് ഇൻസ്പെക്ടർ, | 22401615/ 29.03.25 | 641/16.11.24- ₹13,000/- | മഞ്ഞപ്പിത്ത രോഗ ബോധവൽക്കരണം- 10,000 നോട്ടീസ് @1.30/- അടിച്ചതിന് Maxprint Chengamanad എന്ന സ്ഥാപനത്തിന് നൽകിയത് |
| | | ശ്രീലേഖ പി.വി , ഹെൽത്ത് ഇൻസ്പെക്ടർ | ,, | 587/12.01.25- ₹10,500/- | കൊതുകുജന്യ രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരം നൽകുന്നതിന് 7500 |

| | | | | | |
|---|---|---|---|---|---|
| | | | | | നോട്ടീസ് @1.40/- അടിച്ചതിന് Maxprint Chengamanad എന്ന സ്ഥാപനത്തിന് നൽകിയത് |
| | | ശ്രീലേഖ പി.വി , ഹെൽത്ത് ഇൻസ്പെക്ടർ | ,, | 581/20.12.24- ₹13,000/- | ക്ഷയ രോഗ ബോധവൽക്കരണം- 10,000 നോട്ടീസ് @1.30/- അടിച്ചതിന് Maxprint Chengamanad എന്ന സ്ഥാപനത്തിന് നൽകിയത് |
| | | ശ്രീലേഖ പി.വി , ഹെൽത്ത് ഇൻസ്പെക്ടർ | ,, | 585/28.12.24- ₹13,000/- | കുഷ്ഠ രോഗ ബോധവൽക്കരണം- 10,000 നോട്ടീസ് @1.30/- അടിച്ചതിന് Maxprint Chengamanad എന്ന സ്ഥാപനത്തിന് നൽകിയത് |
| | | ആശാ വർക്കർമാർ | ,, | ₹39000/- | ക്ലോറിനേഷൻ നടത്തിയതിന് വിവിധ വാർഡുകളിലെ ആശാ വർക്കർമാർക്ക് നൽകിയത് |
| | | ഇ.വി മാർട്ട് അത്താണി | ,, | 88564/18.03.25- ₹17,500/- | കൊതുക് നശീകരണത്തിന് HIT, Odomos Ointment എന്നിവ വാങ്ങൽ |
| ആകെ | ₹1,99,972/- | | | | |

വിവിധ രോഗങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കരണ നോട്ടീസിന്റെ അച്ചടിക്കൂലിയായി മാത്രം ₹99,500/- ചെലവഴിച്ചിട്ടുള്ളതായി കാണാം. ഇതിന് ആധാരമായി വച്ചിട്ടുള്ള നോട്ടീസുകൾ മിക്കവയും ഒരേ വിഷയത്തിലുള്ളതാണ്. ഇത്രയും നോട്ടീസുകൾ അച്ചടിച്ച് വിതരണം ചെയ്തതിന്റെ രേഖകളൊന്നും ഫയലിലില്ല. ആകെയുള്ളത് നോട്ടീസുകളുടെ ഓരോ പകർപ്പുകളാണ്. ഇതിന്റെ ആധികാരികത വ്യക്തമല്ല. കൂടാതെ അച്ചടി നടത്തിയത് ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കാതെയാണ്. അച്ചടിച്ചെലവ് പ്രിന്റിംഗ് സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകാതെ ഹെൽത്ത് ഇൻസ്പെക്ടറുടെ അക്കൗണ്ടിലേക്കാണ് കൈമാറിയിട്ടുള്ളത്.

പകർച്ചവ്യാധി നിയന്ത്രണ പ്രോജക്റ്റിൽ പകുതിയോളം തുക നോട്ടീസ് അച്ചടിക്കുമാത്രം ചെലവഴിച്ചിരിക്കുന്നു. കൊതുകുജന്യ രോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, ജലജന്യരോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നോട്ടീസിൽ തന്നെ മഞ്ഞപ്പിത്തം, എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങളുടെ വിവരങ്ങൾ ഉൾക്കൊണ്ടിട്ടുള്ളതിനാൽ, വീണ്ടും ഓരോ രോഗത്തിന്റേയും പേരിൽ പ്രത്യേകം നോട്ടീസ് അച്ചടിച്ചതിന്റെ ആവശ്യകത വ്യക്തമല്ല. ഈ ഡിജിറ്റൽ കാലഘട്ടത്തിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെ ഇത്തരം വിവരങ്ങൾ പൊതു ജനങ്ങളെ അറിയിക്കാമെന്നിരിക്കെ മേൽ പ്രോജക്റ്റിൽ അച്ചടിക്കൂലിയിനത്തിൽ മാത്രം ₹99,500/- ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/03.10.2025) മറുപടി ലഭ്യമാക്കിയില്ല. തുടരന്വേഷണത്തിന് ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

**1-26 ലിഫ്റ്റ് ഇറിഗേഷൻ - അപാകതകൾ**

പഞ്ചായത്ത് ഓരോ വർഷവും വലിയ തുകയാണ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് വേണ്ടി ചെലവഴിക്കുന്നത്. ഇതിൽ 90% തുകയും ചെലവഴിക്കുന്നത് പൈപ്പ് ലൈൻ എക്സറ്റെൻഷൻ

പ്രവൃത്തിക്കുവേണ്ടിയാണ്. എന്നാൽ ഈ പൈപ്പുകൾ ഇടുന്ന സ്ഥലം ഏതാണെന്നോ അതായത് ആരുടെ സ്ഥലത്താണോ എന്നോ ഏത് റോഡിലാണോ എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ഫയലിലോ എംബുക്കിലോ ലഭ്യമല്ല. ഈ പ്രവൃത്തി എവിടെയാണ് എന്ന് രേഖപ്പെടുത്താത്തതിനാൽ നേരിട്ട് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല ഓരോ വർഷവും ഇപ്രകാരം കുടിവെള്ള പദ്ധതിക്ക് വേണ്ടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി ചെയ്യുന്നതിനാൽ ചെയ്ത ഓരോ പ്രവൃത്തിയും ഏത് വർഷം ചെയ്തതാണ് എന്നും മനസിലാക്കാൻ കഴിയുന്നില്ല. നിലവിൽ പൈപ്പ് ഇട്ട സ്ഥലങ്ങിളിലാണോ വീണ്ടും പ്രവൃത്തി ചെയ്യുന്നത് എന്നും വ്യക്തമല്ല.

ഒരോ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടേയും വിശദ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റേയും ജില്ലാ പഞ്ചായത്തിന്റേയും ഫണ്ട് ഉപയോഗിച്ച് പൈപ്പ് ലൈനുകൾ നീട്ടൽ പ്രവൃത്തികൾ ചെയ്തതിന്റെ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

ഈ വർഷം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

A. **പ്രൊജക്ട് നം - 400/25**

| | |
|---|---|
| പ്രവൃത്തി | കുറിന്തിലക്കോട് ചിറ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സറ്റൻഷൻ |
| കരാറുകാരൻ | കെ എം ജോസഫ് |
| എസ്റ്റിമേറ്റ് | ₹5,00,000/- |
| ആകെ പ്രവൃത്തി | ₹3,89,159/- (Bill No. 133/27-10-23) |
| ഫണ്ട് | തനത് ഫണ്ട് |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

എസ്റ്റിമേറ്റ് പ്രകാരം 292 മീറ്റർ നീളത്തിൽ കാന നിർമ്മിച്ച് അത്രയും നീളത്തിൽ 160 Mm Pvc Pipe ( 6 Kgf/Cm2) ഇടുന്നതാണ് പ്രവൃത്തി. എസ്റ്റിമേറ്റ് പ്രകാരം ട്രെഞ്ച് നിർമ്മിച്ച് ഫില്ലിംഗ് ചെയ്യുന്നതിന് മാത്രം ഡാറ്റ 2.10.1.2 – പ്രകാരം 292m X 428.72/M = 1,25,186 രൂപയും 160 Mm Pvc Pipe ( 6 Kgf/Cm2) ഇടുന്നതിന് 292 M X 976.36/M = 2,85,100/- രൂപയും വകയിരുത്തിയിരുന്നു.

എന്നാൽ എം ബുക്ക് പ്രകാരം 292 മീറ്റർ നീളത്തിൽ കാന നിർമ്മിക്കുകയും 299 മീറ്റർ 160 Mm Pvc Pipe ( 6 Kgf/Cm2) ഇടുകയും ചെയ്തിരിക്കുന്നു.

292 മീറ്റർ നീളത്തിൽ കാന നിർമ്മിച്ചതിന് 292 M X 334/M = 97,528/- രൂപയും 299 മീറ്റർ 160 Mm Pvc Pipe ( 6 Kgf/Cm2) ഇട്ടതിന് 299 M X 760/M = 2,27,240/- രുപയും നൽകിയിരിക്കുന്നു.

**ഓഡിറ്റ് പരാമർശം.**

1. ഈ പൈപ്പുകൾ ഇടുന്ന സ്ഥലം ഏതാണെന്നോ അതായത് ഏത് റോഡിലാണോ അല്ലെങ്കിൽ സ്ഥലത്താണോ എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ഫയലിലോ എംബുക്കിലോ ലഭ്യമല്ല.

2. കേവലം ഒരു മീറ്റർ കാന നിർമ്മിക്കുന്നതിന് 428.72 രൂപ പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. DSR 2018 പ്രകാരം ഇത്രയും നൽകാവുന്നതാണെങ്കിലും ഇത് അധികമാണെന്ന് കാണുന്ന പക്ഷം ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി അത് നൽകിയാൽ മതിയാകുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം. 5/25-9-25 – നുള്ള മറുപടിയിൽ പരാമർശം ഒന്നിൽ പറഞ്ഞ കാര്യങ്ങൾ മേലിൽ എംബുക്കിലും ഫയലിലും രേഖപ്പെടുത്തുന്നതാണ് എന്നും, കാന നിർമ്മിക്കുന്നതിന് ലഭ്യമായ ഡാറ്റ പ്രകാരമാണ് നിരക്ക് നൽകിയത് എന്നും ഇതിലെ വിവരം TS അതോറിറ്റിയോട് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

B. **പ്രൊജക്ട് നം - 285/25**

| | |
|---|---|
| പ്രവൃത്തി | ആലുങ്ങക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സറ്റൻഷൻ |
| കരാറുകാരൻ | സുനിൽ കുമാർ എ ജി |

| | |
|---|---|
| എസ്റ്റിമേറ്റ് | ₹3,50,000/- |
| ആകെ പ്രവൃത്തി | (Bill No. 578 - 15-1-25 Rs. 1,19,568, Bill No. 576- 15-1-25 ₹1,80,000) |
| ഫണ്ട് | തനത് ഫണ്ട്, സി എഫ് സി ഫണ്ട് |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

എസ്റ്റിമേറ്റ് പ്രകാരം 87 മീറ്റർ നീളത്തിൽ 110 Mm GI പൈപ്പ് ഇടുന്നതിന് കാന നിർമ്മിച്ച് അത് ഫില്ലിംഗ് ചെയ്യുന്നത് ഉൾപ്പെടെ OD48730/2023-2024 പ്രകാരം - 87m X 1796.13/M = ₹1,56,263/- യും 70 മീറ്റർ നീളത്തിൽ 160 Mm PVC പൈപ്പ് 10 Kgf/Cm2 ഇടുന്നതിന് കാന നിർമ്മിച്ച് അത് ഫില്ലിംഗ് ചെയ്യുന്നത് ഉൾപ്പെടെ OD48813/2023-2024 പ്രകാരം - 70m X 1009.13/M = ₹70,639/- യും വകയിരുത്തിയിരുന്നു.

എന്നാൽ എം ബുക്ക് പ്രകാരം 87 മീറ്റർ നീളത്തിൽ 110 Mm GI പൈപ്പ് ഇടുന്നതിന് കാന നിർമ്മിച്ച് അത് ഫില്ലിംഗ് ചെയ്യുന്നത് ഉൾപ്പെടെ 155.80 M X 1796.13 = ₹2,79,837/- നൽകിയിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല.

**ഓഡിറ്റ് പരാമർശം.**

1. ഈ പൈപ്പുകൾ ഇടുന്ന സ്ഥലം ഏതാണെന്നോ അതായത് ഏത് റോഡിലാണോ അല്ലെങ്കിൽ സ്ഥലത്താണോ എന്നോ ഇതിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങളോ ഫയലിലോ എംബുക്കിലോ ലഭ്യമല്ല.

2. എസ്റ്റിമേറ്റ് പ്രകാരമുള്ള PVC പൈപ്പ് ഒഴിവാക്കി GI പൈപ്പ് ഇടാനുള്ള കാരണം വ്യക്തമല്ല. എസ്റ്റിമേറ്റ് പ്രകാരം GI പൈപ്പിന്റെ തുക 87m X 1796.13/M = ₹1,56,263/- യാണെങ്കിലും എംബുക്ക് പ്രകാരം GI പൈപ്പ് ഇട്ടതിന് നൽകിയ തുക 155.80 M X 1796.13 = ₹2,79,837/- യാണ്. മാത്രമല്ല കാന താഴ്ത്തി സാധാരണ PVC പൈപ്പ് ഇടുകയാണ് ചെയ്യുന്നത്. എന്നാൽ ഇവിടെ എസ്റ്റമേറ്റിലുള്ള PVC പൈപ്പ് ഒഴിവാക്കി GI പൈപ്പ് ഇടുകയാണ് ചെയ്തത്.

3. ഈ പ്രവൃത്തിയിൽ പൈപ്പ് ഇടുന്ന പ്രവൃത്തി മാത്രമാണ് ചെയ്തത്. ഈ പ്രവൃത്തിയിൽ കാന താഴ്ത്തി അത് ഫില്ലിംഗ് ചെയ്യുന്നത് വരെയുള്ള എല്ലാ പ്രവൃത്തിയും ഉൾപ്പെടുന്നു. എന്നാൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള ബെന്റോ, (110 Mm Pvc Bend), എൽബോ (75 Mm Pvc Elbow), ജോയിനിംഗ് പൈപ്പ് എന്നിവ ഒന്നും ഉപയോഗിച്ചിട്ടില്ല. ഇവ ഒന്നും ഉപയോഗിക്കാതെ എപ്രകാരം പൈപ്പ് ഇട്ടു എന്നും വ്യക്തമല്ല.

ഓഡിറ്റ് എൻക്വയറി നം. 5/25-9-25 – നുള്ള മറുപടിയിൽ പരാമർശം ഒന്നിൽ പറഞ്ഞ കാര്യങ്ങൾ മേലിൽ എംബുക്കിലും ഫയലിലും രേഖപ്പെടുത്തുന്നതാണ് എന്നും. ആലുങ്ങക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പൈപ്പ് ലൈനിന്റെ അലൈൻമെന്റ് മാറ്റേണ്ടി വന്നതിനാലും ടി ഭാഗം നിർദിഷ്ട സർവ്വീസ് റോഡിന്റെ അടിയിലൂടെ ആയതിനാലും PVC പൈപ്പ് ഇടാൻ കഴിയില്ല എന്ന് ഇറിഗേഷൻ അതോറിട്ടി NOC നൽകിയപ്പോൾ സൂചിപ്പിച്ചിരുന്നു എന്നും പറയുന്നു.

മറുപടിയിലെ വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല. ആയതിനാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച് അന്വേഷിച്ച് മറുപടി നൽകേണ്ടതാണ്.

**1-27 റൂഫിംഗ് സ്ട്രക്ചറൽ വർക്ക് - അധികം നിരക്ക് നൽകുന്നത്.**

1.

| | |
|---|---|
| പ്രവൃത്തി | അങ്കണവാടികളുടെ മെയിന്റനൻസ് വിവിധ വാർഡുകൾ |
| എസ്റ്റിമേറ്റ് | ₹4,00,000/- |
| പ്രോജക്ട് നം | 96/25 |
| കരാറുക്കാരൻ | മാർട്ടിൻ സ്റ്റീഫൻ |
| ചെലവായ തുക | 3,47,748 ( Bill No. 938, 25-3-25 ) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ഫണ്ട് | ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ |

പ്രോജക്ട് പ്രകാരം അങ്കണവാടികളുടെ മെയിന്റനൻസ് ചെയ്യുകയാണ് പ്രവൃത്തി

എസ്റ്റിമേറ്റ് പ്രകാരം രണ്ട് അങ്കണവാടികളുടെ (No. 115,125) ആകെ 158.60 M2 റൂഫിംഗ്

ചെയ്യുന്നതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്യുന്നതിന് - ഇനം 10.16.1 – Steel Work Built Up Work പ്രകാരം 852.96 Kg X 168.82/KG = ₹1,43,997/- വകയിരുത്തിയിരുന്നു.

എം ബുക്ക് പ്രകാരം 165.54 M2 റൂഫിംഗ് ചെയ്യുകയും ഇതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്തതിന് - ഇനം 10.16.1 – പ്രകാരം 1036.687 KG X 168.82/KG = ₹1,75,013/- ചെലവഴിച്ചിട്ടുണ്ട്. (ഈ ഇനത്തിലെ ഡാറ്റയിൽ മെറ്റീരിയലിന്റെ വില Rs. 57/ Kg മാത്രമാണ് . ബാക്കിയെല്ലാം ലേബർ ചാർജ് ആണ്. )

ചെയ്ത പ്രവൃത്തി "Structural Steel Work In Single Section" – ആയതിനാൽ ഇതിന് നൽകാവുന്ന ഇനം 10.1 പ്രകാരമുള്ള Rs. 101.27/M3 മാത്രമാണ്.

അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രവൃത്തി | അങ്കണവാടികളുടെ മെയിന്റനൻസ് വാർഡ് 1 മുതൽ 10 വരെ |
| എസ്റ്റിമേറ്റ് | ₹7,72,000/- |
| പ്രോജക്ട് നം | 294/25 |
| കരാറുക്കാരൻ | ദേവസ്സി കുട്ടി കെ ഡി |
| ചെലവായ തുക | ₹4,14,280/- (Bill No. 59, 5-1-25, ₹1,30,903, Bill No. 269, 3-7-25₹ 2,83,377/-) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ഫണ്ട് | ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ |

പ്രോജക്ട് പ്രകാരം അങ്കണവാടികളുടെ മെയിന്റനൻസ് ചെയ്യുകയാണ് പ്രവൃത്തി

എസ്റ്റിമേറ്റ് പ്രകാരം അങ്കണവാടിയുടെ (No. 109) ആകെ 80.50 M2 റൂഫിംഗ് ചെയ്യുന്നതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്യുന്നതിന് - ഇനം 10.16.1 – Steel Work Built Up Work പ്രകാരം 523.25 Kg X 168.82/KG = ₹88,335/- വകയിരുത്തിയിരുന്നു.

എം ബുക്ക് പ്രകാരം 75.521 M2 റൂഫിംഗ് ചെയ്യുകയും ഇതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്തതിന് - ഇനം 10.16.1 – പ്രകാരം 507.886 KG X 155.30/KG = ₹78,875/- ചെലവഴിച്ചിട്ടുണ്ട്. (ഈ ഇനത്തിലെ ഡാറ്റയിൽ മെറ്റീരിയലിന്റെ വില Rs. 57/ Kg മാത്രമാണ് . ബാക്കിയെല്ലാം ലേബർ ചാർജ് ആണ്. )

ചെയ്ത പ്രവൃത്തി "Structural Steel Work In Single Section" – ആയതിനാൽ ഇതിന് നൽകാവുന്ന ഇനം 10.1 പ്രകാരമുള്ള Rs. 101.27/M3 മാത്രമാണ്.

അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

3.

| | |
|---|---|
| പ്രവൃത്തി | അങ്കണവാടികളുടെ മെയിന്റനൻസ് വാർഡ് 11 മുതൽ 19 വരെ |
| എസ്റ്റിമേറ്റ് | ₹7,00,000/- |
| പ്രോജക്ട് നം | 296/25 |
| കരാറുക്കാരൻ | സജീവ് വി ടി |
| ചെലവായ തുക | ₹6,00,000/- ( Bill No. 268, 3-7-24 ₹5,12,129/-, Bill No. 666, 15-2-25 ₹ 87,871/- ) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ഫണ്ട് | ഡെവലപ്പ്മെന്റ് ഫണ്ട് ജനറൽ |

പ്രോജക്ട് പ്രകാരം അങ്കണവാടികളുടെ മെയിന്റനൻസ് ചെയ്യുകയാണ് പ്രവൃത്തി

എസ്റ്റിമേറ്റ് പ്രകാരം രണ്ട് അങ്കണവാടികളുടെ (Nc. 122, 111) ആകെ 145.565 M2 റൂഫിംഗ് ചെയ്യുന്നതിന് ആവശ്യമായ സ്ട്രക്ച്ചർ വർക്ക് ചെയ്യുന്നതിന് - ഇനം 10.16.1 – Steel Work Built Up Work പ്രകാരം 1164.06 Kg X 168.82/KG = ₹1,96,517/- വകയിരുത്തിയിരുന്നു.

എം ബുക്ക് പ്രകാരം 145.575 M2 റൂഫിംഗ് ചെയ്യുകയും ഇതിന് ആവശ്യമായ സ്ട്രക്ച്ചർ

വർക്ക് ചെയ്തതിന് - ഇനം 10.16.1 – പ്രകാരം 988.73 KG X 148.39/Kg– ക്ക് ആകെ ₹1,46,718/- നല്കി. (ഈ ഇനത്തിലെ ഡാറ്റയിൽ മെറ്റീരിയലിന്റെ വില Rs. 57/ Kg മാത്രമാണ് . ബാക്കിയെല്ലാം ലേബർ ചാർജ് ആണ്. )

ചെയ്ത പ്രവൃത്തി "Structural Steel Work In Single Section" – ആയതിനാൽ ഇതിന് നൽകാവുന്ന ഇനം 10.1 പ്രകാരമുള്ള Rs. 101.27/M3 മാത്രമാണ്.

അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/25-9-25 – നുള്ള മറുപടിയിൽ മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പര്യാപ്തമല്ലാത്തതിനാലാണ് ഇനം 10.16.1 പ്രകാരമുള്ള നിരക്ക് നൽകിയത് എന്നാണ് അറിയിച്ചത്. എന്നാൽ ഇവിടെ ചെയ്ത പ്രവൃത്തി ഇനം 10.16.1 പ്രകാരമുള്ള പ്രവൃത്തിയാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. ഈ പ്രവൃത്തി സിംഗിൾ സെക്ഷൻ പ്രകാരമുള്ള പ്രവൃത്തിയായതിനാൽ ഇതിന് നൽകാവുന്ന ഇനം 10.1 പ്രകാരമുള്ള Rs. 101.27/ M3 മാത്രമാണ്. അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

**1-28 എർത്ത് വർക്ക് എക്സ്കവേഷൻ - അധിക നിരക്ക് നൽകി.**

എർത്ത് വർക്ക് എക്സ്കവേഷൻ പ്രവൃത്തി മാനുവൽ ആയി ചെയ്യുന്നതിന് ഡാറ്റ ഇനം 3.5.1 " Excavation In Cutting Soil By Manual Means ---- പ്രകാരമുള്ള നിരക്ക് 358.50/M3 ആണ്. എന്നാൽ JCB ഉപയോഗിച്ചോ മറ്റ് മെക്കാനിക്കൽ പ്രകാരമോ ചെയ്യുന്നതിന് ഡാറ്റ ഇനം 2.61 " Excavation In Cutting Soil By Mechanical Means ---- പ്രകാരമുള്ള നിരക്ക് 214.03 /M3 ആണ്.

എന്നാൽ ചില പ്രവൃത്തികൾ പഞ്ചാത്ത് ഇനം 2.61 " Excavation In Cutting Soil By Mechanical Means ---- പ്രകാരമുള്ള ചെയ്യുന്ന പ്രവൃത്തികൾക്ക് ഡാറ്റ ഇനം 3.5.1 " Excavation In Cutting Soil By Manual Means ---- പ്രകാരമുള്ള നിരക്ക് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും തുക നൽകുന്നതും. മാത്രമല്ല 3.5.1 പ്രകാരമുള്ള നിരക്കിനേക്കാൾ കൂടുതൽ നിരക്കിലാണ് പ്രവൃത്തി ചെയ്യുന്നത്

ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0 29/25 |
| പ്രവൃത്തി | മള്ളുശ്ശേരി പറമ്പുശ്ശേരി റോഡ് നവീകരണം |
| കരാറുക്കാരൻ - | വിൽസൻ തോമസ് |
| എസ്റ്റിമേറ്റ് - | ₹13,70,000/- |
| ചെലവ് തുക | ₹14,21,786/- Bill No. 716, 1-3-25 |
| ഫണ്ട് | മെയിന്റനൻസ് റോഡ് |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനിയർ |

ഈ പ്രവൃത്തിയിൽ 546 മീറ്റർ റോഡ് റിടാറിംഗ് ചെയ്യുകയാണ് പ്രവൃത്തി. ഇതിൽ ഡാമേജ് ആയ 126 മീറ്റർ റോഡ് 4.5 മീറ്റർ വീതിയിൽ മണ്ണ് മാറ്റി GSB ചെയ്ത് മെറ്റലിംഗ് ചെയ്ത് ടാറിംഗ് ചെയ്യുകയാണ്.

ഈ പ്രവൃത്തിയുടെ മണ്ണ് മാറ്റുന്നതിന് ഡാറ്റ ഇനം 3.5.1 " Excavation In Cutting Soil By Manual Means ---- പ്രകാരം 98.82 M3 X 358.50/M3 = ₹35,427/- ഉൾപ്പെടുത്തിയിരുന്നു. ഈ പ്രവൃത്തി എം ബുക്ക് പ്രകാരം ചെയ്തതിന് 98.82 M3 X 374.31/M3 = ₹36,989.00 നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് ഡാറ്റ ഇനം 2.6.1 " Excavation In Cutting Soil By Mechanical Means ---- പ്രകാരമുള്ള നിരക്ക് 214.03 /M3 ആണ്.

ചെയ്യുന്ന പ്രവൃത്തിയുടെ ശരിയായ ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതും അപ്രകാരം തുക നൽകേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 3/25-9-25 – നുള്ള മറുപടിയിൽ ഇപ്രകാരമുള്ള പ്രവൃത്തികൾക്ക് മേലിൽ ഡാറ്റ ഇനം 2.6.1 പ്രകാരമുള്ള മെക്കാനിക്കൽ മീൻസ് പ്രകാരം പ്രവൃത്തി ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിക്ക് ശരിയായ നിരക്ക് നൽകി അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

**1-29 കാനകളിലേയും തോടുകളിലേയും ചെളിയും മണ്ണും മാറ്റുന്ന പ്രവൃത്തി -**

**അപാകതകൾ**

കാനകളിലേയും തോടുകളിലേയും ചെളിയും മണ്ണും മാറ്റുന്നതിന് ഈ പഞ്ചായത്ത് വിവിധ നിരക്കുകൾ നൽകുന്നു. ചെളിയും മണ്ണും കോരി മാറ്റുന്നതിന് നൽകാവുന്ന നിരക്ക് ഒരു എം3 – ന് 103.85 - *മാത്രമാണ്. മറ്റ് എല്ലാ പ്രവൃത്തികളിലും ഈ നിരക്കാണ് നൽകിയിട്ടുള്ളത്. മറ്റ് പഞ്ചായത്തുകളും ഈ നിരക്കാണ് നൽകുന്നത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിക്ക് കാനയിലെ ചെളി മാറ്റുന്നതിന് ഡാറ്റ – OD41176320*24-2025 Desilting With Mechanical Means(hydraulic Excavator---- പ്രകാരം 257.63/M3 നിരക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

കൂടാതെ ഇവ എല്ലാം 50 മീറ്റർ അകലെ കൊണ്ടുപോയി കളയുന്നതിന് ഡാറ്റ ഐറ്റം 15.60 പ്രകാരം ഒരു എം3 – ന് 163.43 രൂപയും നൽകിയിട്ടുണ്ട്. ചെളിയും മണ്ണും മാറ്റുന്നതിന് ഡാറ്റ ഐറ്റം 2.6.1 – പ്രകാരം നൽകിയ നിരക്കിൽ ഈ മണ്ണ് 50 മീറ്റർ അകലെ കൊണ്ടുപോയി കളയുന്നതിനുള്ള നിരക്കും ഉൾപ്പെടുന്നു. ആയതിനാൽ ഇവ വീണ്ടും 50 മീറ്റർ അകലെ കൊണ്ടുപോയി കളയുന്നതിന് ഡാറ്റ ഐറ്റം 15.6 പ്രകാരം എം3 – ന് 163.43 രൂപയും നൽകുന്നതും അംഗീകരിക്കുന്നില്ല. മാത്രമല്ല ഈ പ്രവൃത്തിക്ക് GST നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ മെറ്റീരിയൽ പ്രവൃത്തി ഉൾപ്പടാത്തതിനാൽ GST നൽകാവുന്നതല്ല. ഇത് തിരികെ പിടിക്കേണ്ടതാണ്.

1.

| | |
|---|---|
| പ്രവൃത്തി | കാനകൾ ശുചീകരണം-വിവിധ വാർഡുകൾ |
| പ്രൊജക്ട് | 363/25 |
| എസ്റ്റിമേറ്റ് | ₹1,60,000/- |
| ടെന്റർ നിരക്ക് | 18 % Below |
| കരാറുകാരൻ | സുനിൽ കുമാർ |
| ആകെ ചെലവ് | ₹130416/- (Bill Amount 116443 + GST – ₹13973/-) (Bill No. 468, 29-11-24 ) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വിവിധ കാനകളിൽ നിന്നും 1310 മീറ്റർ നീളത്തിൽ ചെളി മാറ്റുകയാണ് പ്രവൃത്തി.

എം ബുക്ക് പ്രകാരം ഈ പ്രവൃത്തിക്ക് ചെളി കോരി മാറ്റിയതിന് ഡാറ്റ ഐറ്റം 2.6.1 പ്രകാരം 439.813 M3 X 257.63/M3 = ₹1,13,309 യും ഈ വെയ്സ്റ്റ് എല്ലാം 50 മീറ്റർ അകലെ കൊണ്ടുപോയി കളയുന്നതിന് ഡാറ്റ ഐറ്റം 15.6 പ്രകാരം 143.312 M3 X 163.43/M3 = ₹23,421.48 യും പൂരുഷ കൂലിയായി സ്ലാബ് പിടിച്ച് ഇട്ടതിന് -6 Nos X 878.79/E = 5273/- രൂപയും നൽകി.

2.

| | |
|---|---|
| പ്രവൃത്തി | കാനകൾ ശുചീകരണം-വിവിധ വാർഡുകൾ |
| പ്രൊജക്ട് | 272/25 |
| എസ്റ്റിമേറ്റ് | ₹5,00,000/- |
| കരാറുകാരൻ | സുനിൽ കുമാർ |
| ആകെ ചെലവ് | ₹5,43,484/ (Bill Amount 485254 + GST – ₹58230/-) (Bill No. 343, 17-8-24 ₹ ₹134500/-, Bill No 342, 17-8-24 ₹365500/-) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വിവിധ കാനകളിൽ നിന്നും 6086.80 മീറ്റർ നീളത്തിൽ ചെളി മാറ്റുകയാണ് പ്രവൃത്തി.

എം ബുക്ക് പ്രകാരം ഈ പ്രവൃത്തിക്ക് ചെളി കോരി മാറ്റിയതിന് ഡാറ്റ ഐറ്റം 2.6.1 പ്രകാരം 1439.35 M3 X 282.32/M3 = ₹4,06,357/- യും ഈ വെയ്സ്റ്റ് എല്ലാം 50 മീറ്റർ അകലെ കൊണ്ടുപോയി കളയുന്നതിന് ഡാറ്റ ഐറ്റം 15.6 പ്രകാരം 259.619 M3 X 179.78/M3 = ₹46,674/- യും പുരുഷ കൂലിയായി സ്ലാബ് പിടിച്ച് ഇട്ടതിന് -32 Nos X 1006.94/E = ₹32222/- യും നൽകി.

മേൽ പ്രവൃത്തികൾക്ക് ചെളിയും മണ്ണും മാറ്റുന്നതിന് അധികം നിരക്ക് നൽകിയതുവഴി അധികം നൽകിയ തുക കണക്കാക്കി ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/25-9-25 – നുള്ള മറുപടിയിൽ കാനകൾ ക്ലീൻ ചെയ്യുമ്പോൾ മണ്ണ് കൂടാതെ മറ്റ് എല്ലാ മാലിന്യങ്ങളും ഉണ്ടാകുന്നതാണെന്നും ആയിതനാലാണ് ഇത് പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്തേക്ക് മാറ്റിയത് എന്നും അറിയിച്ചിട്ടുണ്ട്.

മറുപടി പൂർണ്ണമല്ല. ചെളി കോരി മാറ്റിയതിന് അധികം നൽകിയ നിരക്ക് സംബന്ധിച്ച് മറുപടിയൊന്നും നൽകിയിട്ടില്ല. ഈയിനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

## 1-30 ടാറിംഗ് പ്രവൃത്തി - അപാകത

പഞ്ചായത്ത് എല്ലാ ടാറിംഗ് പ്രവൃത്തിയും ചെയ്തിട്ടുള്ളത് - Mord Specification 75.9.3.Pb.Pa - 20 Mm Opengradedpremix Carpet … നിരക്കായ 208.66 എന്ന പ്രവൃത്തി ചെയ്തതിന് ശേഷം അതിന് മുകളിൽ Mord Specification 75.5.12.A.3.2pb - Seal Coat – Manual Means- Type C- നിരക്കായ 87.16/M2 എന്ന പ്രവൃത്തി ചെയ്യുന്നു. ഇപ്രകാരം ടാറിംഗ് ഇനത്തിന് മാത്രം ചെയ്യുന്നതിന്റെ ആകെ നിരക്ക് 295.82/M2 ആണ്.

സർക്കാർ ഉത്തരവ് പ്രകാരം ടാറിംഗ് ഇനം എന്ന പ്രവൃത്തി കഴിയുന്നതും Mix Seal Surfacing ആണ് ചെയ്യേണ്ടത് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ടാറിംഗ് ആണ് കൂടുതൽ ലാഭകരവും കൂടുതൽ നാൾ നിലനിൽക്കുന്നതും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക്- Manual Means- ആണെങ്കിൽ Mord Specification 75.5.11.1.A.2pb – Mix Seal Surfacing – Manual Means- പ്രകാരം ഒരു എം2 - ന് 269.94/M2 രൂപയും എന്നാൽ Mechanical Means ആണെങ്കിൽ Mord Specification 75.5.11.2.A.2pb – Mix Seal Surfacing – Mechanical Means- പ്രകാരം ഒരു എം2 – ന് നൽകാവുന്ന നിരക്ക് 209.64/M2) രൂപയും ആണ്.

പരമാവധി സർക്കാർ നിർദേശമുള്ള ടാറിംഗ് പ്രവൃത്തി ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/25-9-25 – നുള്ള മറുപടിയിൽ അടുത്ത സാമ്പത്തിക വർഷത്തിൽ കൂടുതൽ പ്രവൃത്തികൾ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച പ്രകാരം ചെയ്യുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-31 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി.18 ഷെഡ്യൂൾ പ്രകാരം താഴെ ചേർക്കുന്ന വിവിധ ശീർഷകങ്ങളിലായി നൽകിയ മുൻകൂർ തുക ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതായി കാണുന്നു.

| ക്രമ നം | കോഡ് | ശീർഷകം | തുക |
|---|---|---|---|
| 1 | 460100199 | Other Advances | ₹49201.00 |
| 2 | 460509901 | Advance To Others | ₹100176.00 |
| 3 | 460500501 | Advance To Implementing Officers | ₹1046717.00 |
| 4 | 460100101 | Festival Advance | ₹8000.00 |
| 5 | 460500201 | Advance To Implementing Agencies - Deposit With Kerala Water Authority | ₹4872125.00 |
| 6 | 460500202 | Advance To Implementing Agencies - Deposit With Kerala Electricity Board | ₹10578204.00 |

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് (ക്രമ നം. 1 മുതൽ 4 വരെ ബാധകം)

എന്നാൽ മേൽ പരാമർശിത മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് കൈപ്പറ്റിയതെന്നും, ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശം**

മുൻകൂർ തുകകൾ സമയബന്ധിതമായി ക്രമീകരിക്കേണ്ടതാണ്.

## 1-32 ജൽ ജീവൻ പദ്ധതി - അവലോകനം

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

### ജൽജീവൻ മിഷൻ - കേരളം

ജൽ ജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചു കൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 നുള്ളിൽ പ്രവർത്തന ക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

### ജൽജീവൻ മിഷനും - നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്തും

ഗാർഹിക കുടിവെള്ള കണക്ഷനുകൾ മുഴുവൻ വീടുകൾക്കും നൽകുന്ന ജൽജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്തിന്റെയും ഗുണഭോക്താക്കളുടെയും വിഹിതം വാട്ടർ അതോറിറ്റിയിൽ അടക്കുവാനും പദ്ധതി നടപ്പിലാക്കുവാനും സമ്മതമാണെന്നതിനുള്ള പഞ്ചായത്ത് തീരുമാനം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് ജലഅതോറിറ്റി ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയെങ്കിലും പഞ്ചായത്തുതല കർമ്മരേഖ രൂപപ്പെടുത്തിയതായി കണ്ടില്ല. മറ്റു ഏജൻസികളിൽ നിന്നും ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ 30.10.2021 ലെ 15(1) പ്രകാരം കമ്മിറ്റി തീരുമാനിക്കുകയാണുണ്ടായത്. ജലനിധി പദ്ധതിക്കായി വകയിരുത്തിയിരുന്ന 12 ലക്ഷം രൂപ ജൽജീവൻ മിഷൻ പദ്ധതിക്കായി വിനിയോഗിക്കുന്നതിന് കോ ഓഡിനേഷൻ കമ്മിറ്റിയോട് അഭ്യർത്ഥിച്ചതായി കമ്മിറ്റി തീരുമാനമുണ്ടെങ്കിലും (14.06.2021ലെ 4(1) നമ്പർ തീരുമാനം) തുടർ നടപടികളുടെ വിവരം ലഭ്യമായില്ല. ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് റിക്വിസിഷന് (നം. 02/22.09.2025) ലഭ്യമാക്കിയ മറുപടിയിൽ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല എന്നും പദ്ധതിയുടെ ഭാഗമായി വിവിധ വർഷങ്ങളിലായി 1615 ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## 1-33 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ മൂന്ന് സ്കീമുകളിലായിട്ടാണ് നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

**1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | 320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്ററേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | - | *2,64,733 3772 (പലിശ) -------------- 268505* | *10,25,000 14,363 (പലിശ) ----------- 1039363* | *4,28,000 17,219 (പലിശ) ------------- 445219* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്. | - | - | - | - |
| 3 | 320100203-ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | 320100204-കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്ററർ. | - | 1,35,000 2,075 (പലിശ) -------------- 137075 | 4,23,000/- 8,880/- (പലിശ) ----------- 431880 | 6,73,000/- 4,911 (പലിശ) ------------- 677911 |

*കുറിപ്പ്:* 2021-22 ലെ ഗ്രാന്റ് 22-23 ലും 22-23 ലേത് 23-24 ലും 23-24 ലേത് 24-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. **നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | 320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (I) സബ് സെന്ററേഴ്സ് | - | - | - | - |
| | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (Ii) പി.എച്ച്.സി. | - | 239201 | 422820 | *2,20292* |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക്ക് | - | - | - | - |

| | | | | | |
|---|---|---|---|---|---|
| | ഹെൽത്ത് യൂണിറ്റ്. | | | | |
| 3 | 320100203-ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | - | - | - | - |
| 4 | 320100204-കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | - | 118 | 4,03,830 | *73,455* |

## ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

| 320100202-സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്.<br>(Ii) പി.എച്ച്.സി. | | | |
|---|---|---|---|
| പ്രോജക്ട് | ചെലവ് | | |
| | 2022-23<br>₹ | 2023-24<br>₹ | 2024-25<br>₹ |
| എസ്. 250/23-ആരോഗ്യ സ്ഥാപനത്തിലേക്ക് രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 2,39,201 | - | - |
| എസ്.252/24-ആരോഗ്യ സ്ഥാപനത്തിലേക്ക് രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | *4,22,820* | - |
| എസ്.379/25-ആരോഗ്യ സ്ഥാപനത്തിലേക്ക് രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | - | | 1,83,690 |
| എസ്.380/25-ആരോഗ്യ സ്ഥാപനത്തിലേക്ക് രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | | 36,602 |
| 320100203-ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | | | |
| - | - | - | - |
| 320100204-കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. | | | |
| 251/23-ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ. | 118 | | |
| 253/24-ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ. | | *3,13,836* | - |
| എസ്.ഒ.312/24-കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | - | 55,981 | - |
| എസ്.ഒ.310/24-കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | | 34,013 | |
| എസ്.378/25-കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ | - | - | *72,660* |
| എസ്.ഒ.381/24-കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കല് | | | 795 |

**3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.**

ഇല്ല

**4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)**

| | 320100202- സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീലസ്. (Ii) പി.എച്ച്.സി. Punjab National Bank Angamaly A/C No. 4254000102043494 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്ററേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. Punjab National Bank Angamaly A/C No. 4254000102043494 | 320100204- കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്ററേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. Punjab National Bank Angamaly A/C No. 4254000102043500 |
|---|---|---|---|
| മുന്നിരുപ്പ് (₹) | 6,45,847 | 0 | 1,64,889 |
| വരവ് (പലിശ ഉൾപ്പെടെ) (₹) | 4,45,219 | 0 | 6,77,911 |
| ആകെ (₹) | 10,91,066 | 0 | 8,42,800 |
| ചെലവ്(₹) | 2,20,292 | 0 | 73,455** |
| നീക്കിയിരുപ്പ് (₹) | 8,70,774 | 0 | 7,69,345 |

**സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്റ്റിലെ ചെലവ് ₹73,835/-ആണ്. എന്നാൽ വാർഷിക കണക്കിലെ ബന്ധപ്പെട്ട ശീർഷകത്തിൽ ₹380/-യുടെ ചെലവ് രേഖപ്പെടുത്താതിരുന്നതിനാൽ അക്കൗണ്ട്സ് പ്രകാരം ₹73,455/- മാത്രമാണ് ചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി കുറവായി ഈടാക്കി - ₹2700/- വരവ് നഷ്ടം

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ജീവനക്കാരിൽ നിന്നും നികുതി പിരിച്ചെടുത്ത് അടയ്ക്കുമ്പോൾ സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് എന്നിവ പരിശോധിച്ചതുപ്രകാരം താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പരിഷ്കരിച്ച സ്ലാബിൽ (സ.ഉ(സാധാ)നം. 1149/2024/ എൽ.എസ്.ജി.ഡി., തിരുവനന്തപുരം തീയതി 27.06.2024) , രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| പേര് | അടിസ്ഥാന ശമ്പളം | ഈടാ ക്കേണ്ടത് | ഈടാ ക്കിയത് | കുറവ് | രസീത് നം./ രണ്ടാം അർദ്ധവർഷം |
|---|---|---|---|---|---|
| 1. എസ്.ആർ. ഇൻഡസ്ട്രീസ് | | | | | |
| ശ്രീമതി ഡെയ്സി | 59150 | 750 | 450 | 300 | 1240109204/ 17.03.25 |
| 2. പ്രാഥമികാരോഗ്യകേന്ദ്രം, നെടുമ്പാശ്ശേരി. | | | | | |
| ശ്രീ. നിതിൻ | 57670 | 750 | 450 | 300 | 1240200225/ 26.03.25 |

| | | | | | |
|---|---|---|---|---|---|
| ശ്രീമതി. ഷിബിന എച്ച്. | 57101 | 750 | 450 | 300 | 450750300/26.03.25 |
| 3.മിസ്റ്റർ ക്ലീൻ ലോണ്ടറി, അകപ്പറമ്പ്. | | | | | |
| (1)ശ്രീ.ഷിബു വി.എസ്. | 51300 | 750 | 400 | 300 | 1240110564/ 07.08.24 |
| (2)ശ്രീ.ലോറൻസ് | 51300 | 750 | 400 | 300 | |
| (3) ശ്രീ. രാജു | 51300 | 750 | 400 | 300 | |
| 4.ലീ ഫാബ്രിക്കേഷൻ | | | | | |
| (1)ശ്രീ. ലിജോ പൌലോസ് | 30000 | 600 | 300 | 300 | 1240101519/ 07.06.24 |
| (2)ശ്രീമതി. സജിനി | 30000 | 600 | 300 | 300 | |
| 5. ഉദയ ഫിനാൻസിയേഴ്സ് | | | | | |
| ടി.ജി. രാധാകൃഷ്ണൻ | 30000 | 600 | 300 | 300 | 124010224344/ 10.07.24 |
| ആകെ | | | | 2700 | |

മേൽ സൂചിപ്പിച്ചിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയതിനുള്ള വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 10/27.09.25)മറുപടി ലഭ്യമാക്കിയില്ല. കുറവായ തൊഴിൽ നികുതി ഈടാക്കി, പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തി, രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന.

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/ MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഒഴികെ).**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| 17 | ₹1,05,500/- | ₹97,000/- | ₹8500/- |

**2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ) | തുക | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല | | | |

**4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2024-25 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. | | |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | 2024-25 ചെലവ് (₹) | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 4,32,000 | SO204/25, നെൽകൃഷി വികസനം | 4,32,000 | - |
| | 2024-25 | 8,00,000 | S136/25, നെൽകൃഷി വികസനം | 8,00,000 | |
| | 2024-25 | 1,80,000 | SO197/25, തരിശ് നിലം കൃഷി | 1,80,000 | |
| | 2024-25 | 4,32,000 | S133/25, തരിശ് നിലം | 4,80,000 | |

| | | | | | |
|---|---|---|---|---|---|
| | | | കൃഷി | | |
| | 2024-25 | 11,10,000 | 140/25, ലൈഫ് ഭവന നിർമ്മാണം-ജനറൽ | 11,10,000 | |
| | 2024-25 | 8,00,000 | 145/25, ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 8,00,000 | |
| | 2024-25 | 1,30,000 | 27/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സഹായം | 1,30,000 | - |
| | 2024-25 | 2,45,000 | 162/25, വിജയഭേരി സ്കോളർഷിപ്പ് | 2,45,000 | |
| | 2024-25 | 65,000 | 165/25, ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം | 65,000 | - |
| | 2024-25 | 29,000 | 137/25, കാരുണ്യസ്പർശം ഡയാലിസിസ് രോഗികൾക്ക് ധനസഹായം | 29,000 | |
| | | 42,23,000 | ആകെ | 42,71,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 6,20,000 | 145/25, ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി | 6,20,000 | - |
| | 2024-25 | 50,000 | 21/25, അങ്കണവാടി പോഷകാഹാര പരിപാടി | 50,000 | - |
| | 2024-25 | 3,90,000 | 27/25, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠന സഹായം | 3,90,000 | - |
| | 2024-25 | 150,000 | 24/25, പാലിന് സബ്സിഡി | 150,000 | - |
| | | 12,10,000 | ആകെ | 12,10,000 | |

ആകെ ജില്ലാ പഞ്ചായത്ത് വിഹിതം വാർഷിക ധനകാര്യപത്രിക പ്രകാരം (I 6 Schedule ) ₹42,42,000/- ആണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ₹42,71,000/- ആണ്. വ്യത്യാസം ₹ 29,000/- .137/25, കാരുണ്യസ്പർശം ഡയാലിസിസ് രോഗികൾക്ക് ധനസഹായം എന്ന പ്രോജക്റ്റിന് ലഭിച്ച ₹ 29,000/-അക്കൗണ്ട് ചെയ്തത് ഏത് ഹെഡിലാണെന്നതിൽ വ്യക്തതയില്ല. ഇതാണ് വ്യത്യാസത്തിന് കാരണം.

## 4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ വിവിധ നിർവഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക (₹) (ബിൽനമ്പർ/ തീയതി) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 24-25 | കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ ലൈൻ ഇൻസ്റ്റാലേഷൻ (179/25) | ₹312905/- (ബിൽ നം. 791/ 26.3.2025 ) | ₹5,19,183/- | ₹1,02,266/- | ₹4,16,917/- |

| | | | | | | |
|---|---|---|---|---|---|---|
| | | | ₹32022/- (ബിൽ നം. 805/ 27.3.2025 ) ₹71990/- (ബിൽ നം. 817/ 29.3.2025 ) ₹102266/- (ബിൽ നം. 729/ 23.3.2025 ) | | | |
| 24-25 | കേരള ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ ലൈൻ ഇൻസ്റ്റാലേഷൻ (227/25) | 244/02-11-24 = ₹1,49,918/- 816/29-03-25 = ₹5,60,000/- | ₹7,09,918/- | 0 | ₹7,09,918/ |
| 24-25 | കേരള ഇലക്ട്രിസിറ്റി ബോർഡ് | പോസ്റ്റ് മാറ്റൽ വാർഡ് 5 S343/25) | 228/26-10-24 | ₹89,375/- | 0 | ₹89,375/- |

**4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

**4-6 വായ്പ/വായ്പാ തിരിച്ചടവ്**

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹77,42,000/- വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തീയതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ കെയുആർ ഡിഎഫ്സി. | സ.ഉ.(കൈ) നം.68 /2018/ ത.സ്വ.ഭ.വ./ 18.05.2018 | ₹77,42,000 | 0 | ₹4,94,679 | - | ₹72,47,321 |

വാർഷിക ധനകാര്യപത്രിക പ്രകാരം വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ വായ്പ ഇനത്തിൽ ₹1,17,17,183/- യാണ് മുന്നിരിപ്പ് ചേർത്തിരിക്കുന്നത്. വ്യത്യാസത്തിന് കാരണം 2022-23 വർഷത്തെ വായ്പ തിരിച്ചടവ് തുക കണക്കിൽ ചേർക്കാത്തതാണ് (2022-23 ലെ റിപ്പോർട്ട് ഖണ്ഡിക 1-1-19,4-5 എന്നിവ കാണുക). തൻവർഷം ഈ തുക ക്രമീകരിച്ചതിനാൽ നീക്കിയിരിപ്പ് കൃത്യമാണ്.

**4-7 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല.

**4-8 ഓഡിറ്റ് റിക്കവറി**

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

**4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.**

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 2 (15) | 2006-07 | 3.39 | പൈപ്പ് ലൈൻ സ്ഥാപിക്കൽ രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | തുക വാട്ടർ അതോറിറ്റി ചെലവഴിച്ചിട്ടുള്ളതും, ഉൾപ്പെടുന്ന തുക കഴിച്ച് ബാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയിട്ടുള്ളതുമാണ്. |
| 2015-2016 | 2.1 | 2016-17 | 2 | തൊഴിൽ നികുതി | തുക ഒടുക്കിയിട്ടുണ്ട്. (118040103759/ 06.082018) |

**4-10 ചാർജ് സർചാർജ് നടപടികൾ**

ഇല്ല

**4-11 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹11,91,16,810.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹8,99,41,126.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹2700.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹15,35,235.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | ചാർജ്ജ് ചെയ്യാവുന്നവ തുക(₹) | സർച്ചാർജ്ജ് ചെയ്യാവുന്നവ (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 2,700 | 0 | ശ്രീമതി ജെസ്സി. പി.വി, സെക്രട്ടറി |
| ആകെ | 2,700 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 15,000 | ശ്രീമതി ജെസ്സി.പി.വി, സെക്രട്ടറി |
| 1-17 | 13,20,235 | ശ്രീമതി ജെസ്സി.പി.വി, സെക്രട്ടറി |
| 1-19 | 2,00,000 | ശ്രീ. സുനിൽ പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 15,35,235 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.ഉണ്ണികൃഷ്ണൻ എം.പി ,കൃഷി ഓഫീസർ | കൃഷി ഓഫീസർ, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | മാങ്കുറ്റി പാടത്ത് പിഷാരം, പി.ഒ. പടി, തൃശ്ശൂർ-680699 |
| ശ്രീമതി ജെസ്സി.പി.വി, സെക്രട്ടറി | സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | കൊച്ചിക്കാരൻ വീട്, ഫ്ലാറ്റ് നം.10D, കൽപ്പക കാസിൽ, സുഭാഷ് നഗർ, ഇടപ്പള്ളി |
| ശ്രീ. സുനിൽ പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത് | പാണ്ടിപ്പിള്ളിൽ വീട്, റോസ് ഗാർഡൻ അത്താണി. |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-1997 | കെ.എസ്.എ -ഇ.കെ.എം - അദാലത്ത് - (പി-13) 634(i)/2018 തീയതി. 22.07.2019 | 4 | |
| 1999-2000 | കെ.എസ്.എ -ഇ.കെ.എം - അദാലത്ത് - (പി-13) 507(1)/2018 തീയതി. 23.05.2018 | 1 | |
| 2004-2005 2006-2007 | കെ.എസ്.എ -ഇ.കെ.എം - അദാലത്ത് - (പി-13) 507/2018 തീയതി. 23.05.2018 | | |
| 2007-2008 | കെ.എസ്.എ -ഇ.കെ.എം - അദാലത്ത് - (പി-13) 507(2)/2018 തീയതി. 23.05.2018 | 3 | |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം - അദാലത്ത് - (പി-13) 507(3)/2018 തീയതി. 23.05.2018 | 5 | |
| 2009-2010 | കെ.എസ്.എ -ഇ.കെ.എം - അദാലത്ത് - (പി-13) 507(4)/2018 തീയതി. 23.05.2018 | 3 | |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം - അദാലത്ത് - (പി-13) 507(5)/2018 തീയതി. 23.05.2018 | 2 | |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം - അദാലത്ത് - (പി-13) 507(6)/2018 തീയതി. 23.05.2018 | 7 | |
| 2013-2014 | കെ.എസ്.എ -ഇ.കെ.എം (പി-11) 1783/15 തീയതി. 25.11.2015 | 3 | |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 | 3 | |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം (പി-13) 1922/16 തീയതി. 05.11.2016 | 8 | |

| | | | |
|---|---|---|---|
| 2016-2017 | കെ.എസ്.എ -ഇ.കെ.എം (പി-13) 1593/17 തീയതി. 21.10.2017 | 8 | |
| 2017-2018 | കെ.എസ്.എ -ഇ.കെ.എം (പി-11) 2166/18 തീയതി. 01.12.2018 | 20 | |
| 2018-2019 | കെ.എസ്.എ -ഇ.കെ.എം (പി-13) 1574/19 തീയതി. 9.01.2020 | 8 | |
| 2019-2020 | കെ.എസ്.എ.ഇ.കെ.എം. (പി11)728/2021 തീയതി.29/06/2021 | 18 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം. (പി11)/1077/22 തീയതി 08.08.2022 | 30 | |
| 2021-22 | കെ.എസ്.എ.ഇ.കെ.എം. (പി11)/101/23 തീയതി 12.04.2023 | 38 | |
| 2022-23 | കെ.എസ്.എ.ഇ.കെ.എം. (പി11)/1459/23 തീയതി 12.12.2023 | 28 | |
| 2023-24 | കെ.എസ്.എ.ഇ.കെ.എം. (പി11)/1476/24 തീയതി 19.10.2024 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 28-07-2025 and submitted on 30-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Nedumbassery Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Nedumbassery Grama Panchayat as on 31-03-2025

**Date: 04/12/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Nedumbassery Grama Panchayat for the Year 2024-2025.

### 1.Major Observations

NIL

### 2.Other Observations

1.Basic ratios to be included in the annual financial statements (Kerala Panchayat Raj Accounts Rules 2011, rule 62(f)) are not included.

2. Cash Flow statement Net increase - decrease in cash flow do not match with difference between opening balance and closing balance.

3. Expenditure from Maintenance grant booked under capital expenditure instead of revenue expenditure..

4.Asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

5. Health Grant project expense differs with the Annual Financial statement.
6. The Deposit amount in KSEB is adjusted without producing utilisation certificate.

7. CFC grant -tied fund wrongly booked under CFC basic grant.

8. There is a negative balance in the Treasury savings account. Reason is not explained.

9.Joint Venture Project Expenditure : The amount expended for the implementation of joint venture projects (District

Panchayat Share) varies in AFS from Sulekdha expenditure statement.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്